بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11   ലക്കം 04

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ: എച്ച്.ശംസുദ്ദീൻ
സഹപത്രാധിപർ: മുഹമ്മദ് ഇസ്മായീൽ

2026 ജനുവരി 22 • ഹി.ശം 1405 സ്വുൽഹ് 22 • ഹി:ഖ 1447 ശഅ്ബാൻ 03

## അല്ലാഹുവിന്റെ വചനം

اُدۡعُ اِلٰی سَبِیۡلِ رَبِّکَ بِالۡحِکۡمَۃِ وَ الۡمَوۡعِظَۃِ الۡحَسَنَۃِ وَ جَادِلۡہُمۡ بِالَّتِیۡ ہِیَ اَحۡسَنُ ؕ اِنَّ رَبَّکَ ہُوَ اَعۡلَمُ بِمَنۡ ضَلَّ عَنۡ سَبِیۡلِہٖ وَ ہُوَ اَعۡلَمُ بِالۡمُہۡتَدِیۡنَ۔ (النحل:126)

തത്ത്വജ്ഞാനവും സദുപദേശവുംകൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽനിന്ന് വ്യതിചലിച്ചുപോകന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗംപ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു.

തിരുനബിﷺയുടെ തിരുവചനങ്ങൾ:

## നന്മയോടൊപ്പം ദൈവഭയവും

حَدَّثَنَا قُتَیْبَۃُ بْنُ سَعِیدٍ، حَدَّثَنَا یَعْقُوبُ بْنُ عَبْدِ الرَّحْمٰنِ، عَنْ أَبِی حَازِمٍ، قَالَ: أَخْبَرَنِی سَہْلُ بْنُ سَعْدٍ رَضِیَ اللّٰہُ عَنْہُ، أَنّ رَسُولَ اللّٰہِ صَلَّی اللّٰہُ عَلَیْہِ وَسَلَّمَ ، قَالَ یَوْمَ خَیْبَرَ:..... فَوَاللّٰہِ لَأَنْ یَہْدِیَ اللّٰہُ بِکَ رَجُلًا وَاحِدًا خَیْرٌ لَکَ مِنْ أَنْ یَکُونَ لَکَ حُمْرُ النَّعَمِ". (صحیح البخاری، کتاب المغازی، باب غزوۃ خیبر حدیث نمبر: ۴۲۱۰)

ഹദ്റത്ത് സഹ്ൽرضي الله عنهനിവേദനം. ഖയ്ബർ യുദ്ധത്തിന്റെ അവസരത്തിൽ നബിﷺതിരുമേനി ഹദ്റത്ത് അലിرضي الله عنهയോടു പറഞ്ഞു: **ഫ വല്ലാഹി ല അൻയുഹ്ദിയല്ലാഹു അന്ന റസൂലല്ലഹിﷺ ഖാല യൗമ ഖയ്ബർ**....... അല്ലാഹുവാണെ സത്യം! നീ മുഖേന ഒരാൾക്കെങ്കിലും ഹിദായത്ത് കിട്ടിയാൽ ഇത് നിനക്ക് ചെമന്ന ഒട്ടകത്തെക്കാൾ ഉത്തമമാണ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

## തീർച്ചയായും ഓർമിക്കുക. എല്ലാ നബിമാർക്കും തങ്ങളുടെ തബ്ലീഗ് പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറയുന്നു: തുടക്കത്തിൽ ആളുകൾ അല്ലാഹുവിൽനിന്നുവരുന്നവരുടെ ശത്രുക്കളായി മാറുന്നു എന്നത് ശരിയാണ്. അവർക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. അവരുടെ വഴിയിൽ കല്ലുകൾ വിതറുന്നു. ദുഃഖം വഹിക്കാതെ ഒരു നബിയും റസൂലും വന്നിട്ടില്ല. ചതിയനെന്നും വഞ്ചകനെന്നും കച്ചവടക്കാരനെന്നും അവരെ വിളിച്ചു. കോടിക്കണക്കിനാളുകൾ എല്ലാവിധത്തിലുള്ള അമ്പുകളും അവരുടെ നേരെ തൊടുത്തുവിടാൻ ആഗ്രഹിച്ചു. കല്ലുകളെറിഞ്ഞു. ചീത്ത വിളിച്ചു. എന്നാൽ, അവർ അത്തരമൊരു കാര്യവും വകവെച്ചില്ല. ഒരു കാര്യത്തിനും അവരുടെ വഴിയിൽ തടസമുണ്ടാക്കാനും കഴിഞ്ഞില്ല. തങ്ങൾകൊണ്ടുവന്ന അല്ലാഹുവിന്റെ വചനം അവർ ലോകത്തിനെ കേൾപ്പിച്ചുകൊണ്ടിരുന്നു. അതെത്തിക്കുന്നതിൽ അൽപംപോലും വീഴ്ച വരുത്തിയില്ല. ഭൗതികരായ ആളുകളിൽനിന്ന് അവർ കേൾക്കേണ്ടി വന്ന ബുദ്ധിമുട്ടുകളും വിഷമങ്ങളും അവരെ മടിയരാക്കിയതുമില്ല. പ്രത്യുത അവർ അതിവേഗം മുന്നോട്ടു നീങ്ങി. അങ്ങനെ അല്ലാഹു അവരിൽ ബുദ്ധിമുട്ടുകൾ എളുപ്പമാക്കിയ കാലം വന്നു. എതിരാളികൾക്ക് മനസ്സിലാകാൻ തുടങ്ങി. പന്നീട് അതേ എതിരാളികൾ അദ്ദേഹത്തിന്റെ കാലടികളിൽവന്നു വീണു. അദ്ദേഹത്തിന്റെ സത്യസന്ധതയും വിശ്വസ്തതയും അംഗീകരിക്കാൻ തുടങ്ങി. മനസ്സ് അല്ലാഹുവിന്റെ കൈയിലാണ്. അവനിച്ഛിക്കുമ്പോൾ അതു മാറ്റുന്നു. തീർച്ചയായും ഓർമിക്കുക. എല്ലാ നബിമാർക്കും തങ്ങളുടെ പ്രബോധനത്തിൽ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. നബിﷺതിരുമേനി എല്ലാ നബിമാരെക്കാളും ഉത്തമനും ഉന്നതനുമാണ്. എത്രത്തോളമെന്നാൽ നബിﷺതിരുമേനിയുടെമേൽ നുബുവ്വത്തിന്റെ പരമ്പര അല്ലാഹു അവസാനിപ്പിച്ചു. അതായത് നുബുവ്വത്തിന്റെ സകല ഉൽകൃഷ്ടതകളും അവിടത്തെമേൽ അവസാനിച്ചു. ഇത്രമാത്രം ബഹുമാനപ്പെട്ട നബിയായിരുന്നിട്ടും നബിﷺതിരുമേനിക്ക് സന്ദേശമെത്തിക്കുന്നതിൽ എത്രമാത്രം പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ടായി എന്നത് ആർക്കാണ് അറിയാത്തത്. കുഫ്ഫാർ അഥവാ അവിശ്വാസികൾ എത്രത്തോളം നബിതിരുമേനിയെ ദ്രോഹിക്കുകയും വിഷമിപ്പിക്കുകയും ചെയ്തു."(മൽഫൂദാത്ത് വാല്യം 4, പേജ് 152, 1988 പതിപ്പ്)

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

തഫ്സീറെ കബീറിന്റെ ഉദ്ധരണി.

## ആദ്യം എല്ലാ തെളിവുകളും നല്ലവണ്ണം പരിശോധിക്കുക. ഉറച്ചതും ശക്തവുമായതിനെ അവതരിപ്പിക്കുക.

ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്رضي الله عنهസൂറത്തുർ റഅ്ദിലെ 126-ാമത്തെ വചനമായ **ഉദ്ഉ ഇലാ സബീലി റബ്ബിക്കബിൽഹിക്മത്തി വൽമൗയിള്വത്തിൽ ഹസനത്തി വ ജാദിൽഹും ബല്ലത്തീഹിയ അഹ്സനു** എന്നതിന് നല്കിയ തഫ്സീറിൽ പറയുന്നു:

എന്തുകൊണ്ടെന്നാൽ ദീനിന്റെ ഇശാഅത്ത് അഥവാ പ്രചാരണം ഇപ്പോൾ വിശാലമാകാൻ പോകുകയായിരുന്നു. ദൈവിക ഗ്രന്ഥങ്ങൾ കൈവശമുള്ള യഹൂദികളിലും ക്രിസ്ത്യാനികളിലും ഇസ്ലാമിന്റെ പ്രചാരണം ഉണ്ടാകാൻ പോകുകയായിരുന്നു. അതുകൊണ്ടു പറഞ്ഞു, അവരെ നേരിടാൻ കൂടുതൽ ശക്തിയുടെ ആവശ്യമുണ്ട്. മുശ്രിക്കീങ്ങളെ അഥവാ ബഹുദൈവാരാധകരെ നേരിടാൻ എളുപ്പമുണ്ടായിരുന്നു. അതായത് ശിർക് അഥവാ ബഹുദൈവാരാധന ഖണ്ഡിക്കപ്പെടുന്നതോടെ എല്ലാ കലഹത്തിനും തീരുമാനമുണ്ടാകുമായിരുന്നു. എന്നാൽ, യഹൂദി-നസ്വാറാക്കൾക്കെതിരിൽ ശരീഅത്തിന്റെ വിശദമായ ചർച്ചകളും ചെയ്യേണ്ടത് നിർബന്ധമായിരുന്നു. അതുകൊണ്ട് മുമ്പേതന്നെ യുക്തിസഹമായ നിലയിലായിരിക്കണം തബ്ലീഗ് ചെയ്യേണ്ടതെന്ന് താക്കീതുചെയ്ത് പറഞ്ഞു.

ഹിക്മത്തിന്റെ വിവിധ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ആയത്തിന്റെ അർഥം ഹിക്മത്ത് എന്ന് ചെയ്തിരിക്കുന്നു. ഉദാഹരണത്തിന് അറിവ്, ദൃഢത, നീതി, പ്രവാചകത്വം, സൗമ്യത, സഹിഷ്ണുത. ഏതൊരു കാര്യമാണോ ജഹാലത്തിൽനിന്ന് തടയുന്നത്, ഏതൊരു വചനമാണോ ഹഖ് അനുസ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

രിച്ചുള്ളത് - സാഹചര്യത്തിനും സന്ദർഭത്തിനും ചേർന്ന കാര്യം- ഈ എല്ലാ അർഥങ്ങളും ഇവിടെ യോജിക്കുന്നുണ്ട്. പറഞ്ഞു: ഹിക്മത്തോടു കൂടി വിളിക്കുക. അതായത് ജ്ഞാനപരമായ കാര്യങ്ങൾ പറയുക.അതായത് മുമ്പേ വന്ന നബിമാരുടെ ഏടുകളിൽ പ്രശ്നങ്ങളുടെ അടിത്തറവെച്ച് സംസാരിക്കുക. അഹോ കഷ്ടം!മുസ്ലിംഖുർആൻ വ്യാഖ്യാതാക്കൾ ഈ കൽപനയിൽ ശ്രദ്ധിച്ചതേയില്ല. ആളുകളിൽനിന്ന് കേട്ടും കേൾപ്പിച്ചും തങ്ങളുടെ ഗ്രന്ഥങ്ങളിൽ ബൈബിളിനെ സംബന്ധിച്ച് എങ്ങനെയുള്ള ഉദ്ധരണികളാണെഴുതിയതെന്നാൽ, യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും ഇന്നും അക്കാരണത്താൽ ഇസ് ലാമിന്റെമേൽ ആക്രമണം നടത്താൻ അവസരം ലഭിക്കുന്നു. മറ്റൊന്ന് പറഞ്ഞത് ദൃഢമായ കാര്യങ്ങൾ പറയുക എന്നാണ്. ഒരു കാര്യവും അനുഭമില്ലാത്തതാകരുത്. ചിലപ്പോൾ മനുഷ്യൻ പിന്തുണയ്ക്കുന്ന തെളിവുകളെ സുസ്ഥിരമായ തെളിവെന്ന നിലയിൽ സമർപിക്കാറുണ്ട്. അതിന്റെ ഫലം ശത്രു അതെടുത്ത് പിടിച്ച് കുത്തിയിരിക്കന്നു എന്നതാണ്. പറഞ്ഞു: ആദ്യം എല്ലാ തെളിവുകളും നല്ലവണ്ണം പരിശോധിക്കുക. ഉറച്ചതും ശക്തവുമായതിനെ അവതരിപ്പിക്കുക.*(തഫ്സീറെ കബീർ, വാള്യം 6, പേജ് 249, സൂറത്തുന്നഹ്ൽ, ആയത്ത് 126)*

എഡിറ്റോറിയൽ

# ഖാദിയാനിൽ പോകാം!

ഖാദിയാൻ ദാറുൽഅമാനിൽ ഈ നേരത്ത് ജൽസസാലാനയുടെ ഒരുക്കങ്ങൾ നടക്കുകയാണ്. മറുഭാഗത്ത് ജൽസസാലാനയിൽ പങ്കെടുക്കുന്നതിന് ആവേശഭരിതരായ സന്നദ്ധസേവകരെപ്പോലെ എല്ലാ അഹ്മദികളുടേയും ഹൃദയവും തുടിച്ചുകൊണ്ടിരിക്കുകയാണ്. വലിയവരും കുട്ടികളും സ്ത്രീകളും എത്രത്തോളമെന്നാൽ, വൃദ്ധരായ ആളുകൾപോലും അങ്ങേയറ്റം ആവേശത്തോടുകൂടി ജൽസ കാത്തുകാത്തിരിക്കുകയാണ്. അല്ലാഹു എല്ലാവർക്കും എളുപ്പം പ്രദാനം ചെയ്യുമാറാകട്ടെ. സന്തോഷത്തോടുകൂടി പൂർണ ആരോഗ്യത്തോടുംകൂടി ജൽസസാലാന ഖാദിയാനിൽ പങ്കെടുക്കുന്നതിനും ദൈവികമായ ചിഹ്നങ്ങളുടെ ബർക്കത്തുകൊണ്ട് പൂർണമായും ജൽസയുടെ ഫലമെടുക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

ഈ വർഷം ജൽസസാലാന ഖാദിയാൻ ഹുദൂർ അയ്യദഹുല്ലാഹുത്തആലായുടെ അനുമതിയോടെ ഡിസംബർ 26, 27, 28 വെള്ളി ശനി ഞായർ ദിവസങ്ങളിലാണ് സംഘടിപ്പിക്കുന്നത്. ഈ ലില്ലാഹി ജൽസയെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറയുന്നു:

“ഈ ജൽസയെ ജനങ്ങളുടെ സാധാരണ സമ്മേളനങ്ങളെപ്പോലെ കരുതരുത്. സത്യത്തെ പിന്തുണയ്ക്കുകയും ഇസ്ലാമിന്റെ കലിമയെ ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിൽ അധിഷ്ഠിതമായ കാര്യമാണിത്. അല്ലാഹു സ്വകരങ്ങളാലാണ് ഈ പരമ്പരയുടെ ആധാരശില സ്ഥാപിച്ചത്. ഇതിനുവേണ്ടി സമൂഹങ്ങളെ തയ്യാറാക്കിയിരിക്കുന്നു. അവർ എത്രയും വേഗം ഇതിൽ വന്ന് ചേരുന്നതാണ്. കാരണം ഇതെല്ലാം ഒരുകാര്യവും പുതുമയല്ലാത്ത, എല്ലാ കാര്യത്തിനും കഴിവുള്ളവന്റെ പ്രവൃത്തിയാകുന്നു. ആയതിനാൽ നിരവധി അനുഗ്രങ്ങളുള്ള ഈ ജൽസയിൽ യാത്രാസൗകര്യമുള്ള എല്ലാവരുംതന്നെ പങ്കെടുക്കേണ്ടതാണ്. കിടക്കയും വിരിപ്പും മറ്റും കൂടെ കരുതേണ്ടതാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും മാർഗത്തിൽ നിസ്സാരമായ പ്രയാസങ്ങളെ ഗൗനിക്കേണ്ടതില്ല. *(മജ്മൂഅ ഇശ്തിഹാർ ഭാഗം 1, പേജ് 341,342)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنهപറയുന്നു:“ഖാദിയാനിൽ കൂടെക്കൂടെ വരാത്തവരുടെ ഈമാന്റെ കാര്യത്തിൽ എനിക്ക് ആശങ്കയുണ്ട്. ഖാദിയാനുമായി ബന്ധം വെക്കാത്തവർ മുറിച്ചു മാറ്റപ്പെടുന്നതാണ്. ആയതിനാൽ മുറിച്ചു മാറ്റപ്പെടുന്നവരിൽ ആകാതിരിക്കാൻ ജാഗ്രത കാണിക്കുവിൻ.”*(ജൽസാ പ്രഭാഷണം 27-12-1917, അൻവാറുൽ ഉലൂം ഭാഗം 4, പേജ് 136)*

ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു:“കഴിയുന്നത്ര എല്ലാ സ്നേഹിതന്മാരും അല്ലാഹുവിനുവേണ്ടി അല്ലാഹുവിനുവേണ്ടിമാത്രം റബ്ബാനിപരമായ കാര്യങ്ങൾ കേൾക്കുന്നതിനും ദുആയിൽ പങ്കെടുക്കുന്നതിനും ഈ തിയതിയിൽ വരേണ്ടതാണ്. ഈ ജൽസയിൽ ദൈവജ്ഞാനപരമായ കാര്യങ്ങൾ കേൾപ്പിക്കുന്നതിന് സംവിധാനമുണ്ടായിരിക്കുന്നതാണ്. അത് ഈമാനേയും യഖീനേയും മഅ്രിഫത്തിനേയും ശക്തിപ്പെടുത്തുന്നതിന് ആവശ്യമാണ്. അതുപോലെതന്നെ ആ സ്നേഹിതന്മാർക്കുവേണ്ടി പ്രത്യേകമായി ദുആ ചെയ്യാനും ശ്രദ്ധിക്കാനും കഴിയുന്നത്ര അർഹമുർറാഹിമീന്റെ തിരുസന്നിധിയിൽ ശ്രമിക്കുന്നതായിരിക്കും; അല്ലാഹു തന്നിലേക്ക് അവരെ വലിച്ചടുപ്പിക്കാനും തനിക്കുവേണ്ടി സ്വീകരിക്കാനും.

ഇതുപോലെതന്നെ പറയുന്നു:ഈ ജൽസകളിൽ ഒരു താൽക്കാലികമായ നേട്ടം ഇതുമുണ്ടായിരിക്കും. എല്ലാ ഓരോ പുതിയവർഷത്തിലും എത്രത്തോളം സഹോദരങ്ങൾ ജമാഅത്തിൽ പ്രവേശിക്കുന്നുവോ അവർ നിശ്ചിത തിയതിയിൽ ഹാജരായി തങ്ങളുടെ മുമ്പേയുള്ള സഹോദരങ്ങളുടെ മുഖങ്ങൾ കാണുന്നതായിരിക്കും. പരസ്പരം പരിചയപ്പെട്ട് തങ്ങളുടെ ബന്ധം വർധിപ്പിക്കുന്നതായിരിക്കും. ഏതൊരു സഹോദരങ്ങളാണോ ഈ കാലയളവിൽ ഈ ലോകത്തുനിന്ന വിടപറഞ്ഞുപോയത് ഈ ജൽസയിൽ അവർക്കുവേണ്ടി മഗ്ഫിറത്തിന് ദുആ ചെയ്യുന്നതായിരിക്കും. എല്ലാ സഹോദരങ്ങളേയും ഒന്നിപ്പിക്കുന്നതിനുവേണ്ടിയും അവരുടെ മുരടിപ്പും അപരിചിത്വവും ശത്രുതയും ഇടയിൽനിന്ന് ഇല്ലാതാക്കുന്നതിനും അല്ലാഹുവിന്റെ സന്നിധിയിൽ പരിശ്രമിക്കുന്നതായിരിക്കും. ഈ ആത്മീയ ജൽസയിൽ വേറേയും ഒരുപാട് ഫലങ്ങളും നേട്ടങ്ങളുമുണ്ടായിരിക്കും. അത് ഇൻശാഅല്ലാഹുൽഖദീർ സന്ദർഭാനുസരണം വെളിപ്പെട്ടുകൊണ്ടിരിക്കും.”*(ആസ്മാനീ ഫയ്സല പേജ് 9-10)*

ഈ അനുഗൃഹീത ജൽസയിലെ അതിഥികൾക്കുവേണ്ടി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام സ്വയമേവ ത്യാഗങ്ങൾ സമർപിച്ചു. തുടക്കത്തിലുള്ള ജൽസസാലാനയിൽ, ആ ദിനങ്ങളിൽ ജൽസയുടെ നടത്തിപ്പിന്റെ ചുമതല ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിനായിരുന്നു. ഒരിക്കൽ ജൽസയിലെ അതിഥികൾക്കുവേണ്ടിയുള്ള ചെലവുകളിൽ കുറവുണ്ടായി. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ശ്വശരനായ ഹദ്റത്ത് മീർ സാഹിബ്رضي الله عنه ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ അടുത്തുവന്ന് നാളെ ജൽസയുടെ അതിഥികൾക്ക് ചെലവിന് പണമില്ലെന്ന് പറഞ്ഞു: ഹുദൂർعليه السلامപറഞ്ഞു:‘വീട്ടിൽപോയി ഭാര്യയുടെ(അതായത് ഹ്ദറത്ത് ഉമ്മുൽമുഅ്മിനീൻ നുസ്റത്ത് ജഹാൻ ബീഗം സാഹിബയോടു ആഭരണം വാങ്ങി വിൽക്കുക. ജൽസയുടെ അതിഥികൾക്ക് വേണ്ടുന്നത് ചെയ്യുക.’ അങ്ങനെ ഹദ്റത്ത് മീർ സാഹിബ് ആഭരണം വാങ്ങി വിൽക്കുകയും ജൽസയ്ക്കുവന്ന അതിഥികളുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്തു. ഹദ്റത്ത് മീർ സാഹിബ് അടുത്ത ദിവസം പറഞ്ഞു: ‘ആഭരണം വിറ്റുകിട്ടിയ പണം മുഴുവനും ഒരു ദിവസത്തെ ചെലവിനെ ഉണ്ടായിരുന്നുള്ളു. അതിഥികളുടെ ഒരു ദിവസത്തെ ചെലവു നടന്നു. ഇനി അടുത്ത് ദിവസത്തിന് പണം ആവശ്യമുണ്ട്.” അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറഞ്ഞു: “നമ്മുടെ പക്കലുണ്ടായിരുന്നത് നാം ചെലവഴിച്ചിരിക്കുന്നു. ഇനി നമ്മുടെ പക്കലും ഒന്നുമില്ല. ഇവർ ആരുടെ അതിഥികളാണോ അവൻതന്നെ അവർക്കുള്ള ഏർപാടു ചെയ്യുന്നതായിരിക്കും. ഈ രിവായത്തിന്റെ നിവേദകൻ ഹ്ദറത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർഥലവി പറയുന്നു: ‘അടുത്ത ദിവസം പോസ്റ്റുമാൻ വന്നു. അയാളുടെ കൈയിൽ കുറച്ചു മണിയോർഡർ ഉണ്ടായിരുന്നു. അവയിൽ എഴുതിയിരുന്നു, ‘ഞങ്ങൾക്ക് ആഗ്രഹമുണ്ടായിട്ടും ജൽസസാലാനയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ‘അതുകൊണ്ട് അതിഥികളുടെ സേവനാർഥം ഈ തുക അയക്കുകയാണ്.’ ഹുദൂർعليه السلامഹദ്റത്ത് മീർ സാഹിബിനെ വിളിപ്പിച്ചു. ആ മണിയോർഡർ അദ്ദേഹത്തെ ഏൽപിച്ചുകൊണ്ടു പറഞ്ഞു: ‘ഒരു ഭൗതികന് തന്റെ നോട്ടുകൾകൊണ്ടു നിറഞ്ഞ പെട്ടിയിൽ എത്രത്തോളം വിശ്വാസമുണ്ടോ അതിനെക്കാൾ എത്രയോ കൂടുതൽ എനിക്ക് അല്ലാഹുവിന്റെ ദാത്തിൽ(അസ്തിത്വത്തിൽ) വിശ്വാസമുണ്ട്.

ഇപ്രകാരംതന്നെ ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവി ഇതും രിവായത്തു ചെയ്യുന്നുണ്ട്. ജൽസയുടെ അവസരത്തിലൊരിക്കൽ എത്രത്തോളം അതിഥികൾ വന്നെന്നാൽ, അവർക്കു നല്കാനുള്ള വിരിപ്പുകളിൽ കുറവുണ്ടായി. ജൽസയുടെ വാളണ്ടിയർമാർ സകല വീടുകളിൽനിന്നും വിരിപ്പുകൾ ശേഖരിച്ചു. ഹുദൂർعليه السلامന്റെ വീട്ടിൽനിന്നുപോലും വാളണ്ടിയർ എല്ലാ വിരിപ്പുകളും എടുത്തുകൊണ്ടുപോയി. ഹദ്റത്ത് മസീഹു മൗഊദ്عليه السلامനും വീട്ടിലുള്ളവർക്കും ഒരു വിരിപ്പുമുണ്ടായിരുന്നില്ല. മസീഹ് മൗഊദിന്റെ ഒരു മകൻ-ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്رضي الله عنهസാഹിബാണെന്ന് തോന്നുന്നു-ഒരു ഓവർക്കോട്ട് പുതച്ചു കിടന്നിരുന്നു. അപ്പോൾ അദ്ദേഹം വാളണ്ടിയർമാരെ വഴക്കു പറയുകയും ഇങ്ങനെ പറയുകയും ചെയ്തു: നിങ്ങൾ ഹുദൂർعليه السلامനും കുടുംബത്തിനും പുതയ്ക്കാൻപോലും ഒരു പുതുപ്പും ബാക്കിവെച്ചില്ല. വാളണ്ടിയർ

ശേഷം പേജ് 11 ൽ

# ഖുത്വ്ബ ജുമുഅ

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്, 2025 ഡിസംബർ 5, ഹിജ്രി ശംസി 1404 ഫത്ഹ് 5, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്,ടിൽഫോർഡ്(സർറെ യു.കെ)**

**അല്ലാഹുവിന്റെ നാമത്തിൽ അവന്റെ വഴിയിൽ ജിഹാദു ചെയ്യുക. അല്ലാഹുവിനെ നിഷേധിച്ചവരുമായി യുദ്ധം ചെയ്യുക. വഞ്ചിക്കരുത്. കുട്ടികളേയും സ്ത്രീകളേയും വധിക്കരുത്. ശത്രുക്കളോടു യുദ്ധം ചെയ്യാനാഗ്രഹിക്കരുത്. ഇക്കാരണത്താൽ നിങ്ങൾ പരീക്ഷിക്കപ്പെടുമോ എന്ന് നിങ്ങൾക്കറിയുകയില്ല. പക്ഷേ,നിങ്ങൾ ഇങ്ങനെ പറയുക: 'അല്ലാഹുവേ! നീ അവർക്കെതിരിൽ ഞങ്ങൾക്ക് മതിയായവനാകേണമേ; നീ ഇച്ഛിക്കുന്നതുപോലെ. അവരുടെ യുദ്ധത്തെ ഞങ്ങളിൽനിന്നകറ്റിയാലും.' ഇനി അവരുമായി നിങ്ങളുടെ പോരാട്ടമുണ്ടായാൽ, അവർ സംഘടിച്ച് ബഹളമുണ്ടാക്കിയാൽ നിങ്ങളിൽ ഗാംഭീര്യവും നിശബ്ദതയും നിർബന്ധമാണ്. നിങ്ങൾ പരസ്പരം വഴക്കുണ്ടാക്കരുത്. അങ്ങനെയായാൽ നിങ്ങൾ ഭീരുക്കളായിപ്പോകും. നിങ്ങളുടെ സ്വാധീനശക്തി പൊയ്പ്പോകും. നിങ്ങൾ പറയുക, 'അല്ലാഹുവേ!ഞങ്ങൾ നിന്റെ ദാസരാണ്. അവരും നിന്റെ ദാസരാണ്. ഞങ്ങളുടെ നെറ്റിത്തടവും അവരുടെ നെറ്റിത്തടവും നിന്റെ നിയന്ത്രണത്തിലാണ്. നിനക്കു മാത്രമേ അവർക്കു മതിയാകാൻ സാധിക്കുകയുള്ളൂ. നിങ്ങൾ അറിയുക, സ്വർഗം വാളുകളുടെ തണലിലാണ്. (നബിﷺതിരുമേനിയുടെ ഉപദേശം)**

**കഅ്ബ് ബിൻ മാലിക്കിന്റെ സംഭവം എത്രമാത്രം പാഠം നല്കുന്നതാണ്..... നിസാം അഥവാ സംവിധാനം വേറിട്ടകാര്യമാണെന്ന് ഓർമിക്കേണ്ടതാണ്. പ്രവർത്തനം വേറിട്ട കാര്യമാണ്. സംവിധാനം നിലനിറുത്തുന്ന തിനുവേണ്ടി ആരാണോ തെറ്റു ചെയ്യുന്നത് അവനോടു ചോദിക്കപ്പെടുന്നതാണ്;ആരായാലും വേണ്ടില്ല. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് ദീനിനുവേണ്ടി എങ്ങനെ ശ്രമിക്കണമെന്നാൽ, ശയ്ത്വാനെ ആട്ടിപ്പായിക്കുക. നിങ്ങൾ വാഴ്ത്തപ്പെടണമെന്ന നിലയിൽ ഒരിക്കലും അങ്ങനെ ചെയ്യരുത്. പ്രവത്തിച്ചിട്ട്, നമ്മുടെ തെറ്റുകൾക്ക് നമ്മളോട് ചോദിക്കുകയില്ലെന്ന് ഒരിക്കലും കരുതരുത്. പിന്നിട് അല്ലാഹുവിന്റെമേൽ ഔദാര്യം നടത്തരുത്. എല്ലാ മാർഗത്തിലൂടേയും ഇസ്‌ലാമിനുവേണ്ടി സേവനം ചെയ്യുക."(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ)**

**തബൂക് യുദ്ധത്തിനുള്ള യാത്ര എത്രമാത്രം യുക്തിപൂർണവും അനുഗൃഹീതവുമായി സ്ഥാപിതമായെന്നാൽ അറേബ്യയുടെ സകല പ്രദേശങ്ങളിലും മുസ്‌ലിമീങ്ങളുടെ സ്വാധീനമുണ്ടായി. അല്പ സമയംകൊണ്ട് മുഴുവൻ അറേബ്യയിലും ഇസ്‌ലാമിന്റെ പതാക പാറിക്കളിക്കാൻ തുടങ്ങി.**

**നബിﷺതിരുമേനിയുടെ അവസാനത്തെുദ്ധം തബൂക് യുദ്ധമായിരുന്നു. അവസാനമായി നബിﷺതിരുമേനി അയച്ച സൈന്യം ഉസാമയുടെ സൈന്യമായിരുന്നു.**

**അല്ലയോ ജനങ്ങളേ! ഉസാമയെ അമീറാക്കുന്നതിനെ സംബന്ധിച്ചുള്ള നിങ്ങളിലെ ചിലരുടെ സംസാരം എനിക്കെത്തിയിട്ടുണ്ട്. ഞാൻ ഉസാമയെ അമീറാക്കുന്നതിനെ സംബന്ധിച്ച് നിങ്ങൾ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടെങ്കിൽ ഇതിനമുമ്പേ അവന്റെ പിതാവിനെ അമീറാക്കിയപ്പോഴും നിങ്ങൾ ആക്ഷേപിച്ചിട്ടുള്ളതാണ്. അല്ലാഹുവാണെ സത്യം!അദ്ദേഹവും ഇമാറത്തിന് അർഹനായിരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ മകനും ഇമാറത്തിന് അർഹനാണ്. അവർ എനിക്കേറ്റവും പ്രിയപ്പെട്ടവരായിരുന്നു. തീർച്ചയായും ഇവരിരുവരും എങ്ങനെ യുള്ളവരാണെന്നാൽ അവരെക്കുറിച്ച് എല്ലാത്തരം നന്മയും ക്ഷേമവും പ്രതീക്ഷിക്കാവുന്നതാണ്. അതായത് ഉസാമയ്ക്കുവേണ്ടി നന്മയുടെ ഉപദേശം സ്വീകരിക്കുക.
കാരണം ഇവൻ നിങ്ങളിലെ ഉത്തമരായവരിൽപ്പെട്ടവനാണ്. (നബിതിരുമേനിയുടെ ഉപദേശം).**

**"ഹദ്റത്ത് അബൂബക്ർؓപറഞ്ഞു:ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം! വന്യമൃഗങ്ങൾ എന്നെ കടിച്ചുവലിച്ചു കൊണ്ടുപോകുമെന്ന് എനിക്കുറപ്പുണ്ടെങ്കിൽപ്പോലും ഞാൻ നബിﷺ തിരുമേനിയുടെ കല്പനയനുസരിച്ച് ഉസാമയുടെ സൈന്യത്തെ അയക്കുകതന്നെ ചെയ്യും. നബിﷺ തിരുമേനിയുടെ തീരുമാനത്തെ ഞാൻ കാലഹരണപ്പെടുത്തുകയില്ല."(ഹദ്റത്ത് മസീഹ് മൗഊദ്ؑ).**

**നബിﷺതിരുമേനിയോടു ഹദ്റത്ത് അബൂബക്ർؓന് സ്നേഹമുണ്ടായിരുന്നു. ഉസാമയുടെ പതാക നബിﷺതിരുമേനി സ്വന്തം കൈകൊണ്ട് കെട്ടിയതായിരുന്നു. ഹദ്റത്ത് അബൂബക്ർؓപറഞ്ഞു:നബിﷺതിരുമേനി സ്വന്തം കൈകൊണ്ട് കെട്ടിയ പതാക അബൂ ഖുഹാഫയുടെ മകൻ അഴിച്ചുമാറ്റുന്നതെങ്ങനെയാണ്!**

**മുറബ്ബി മുകർറം അസീസുർറഹ്മാൻ സാഹിബ് ഓഫ് അമേരിക്കയുടേയും മുകർറം അയ്ദി ഹിമായദി സാഹിബ് ഓഫ് ഇന്തൊനേഷ്യയുടേയും അനുസ്മരണവും ജനാസ ഗാഇബും**

**തബൂക് യുദ്ധത്തിന്റേയും ചില സരിയ്യത്തുകളുടേയും പശ്ചാത്തലത്തിൽ നബിചരിത്രത്തിന്റെ പരിശുദ്ധമായ വിവരണം.**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തബൂക് യുദ്ധത്തിൽനിന്ന് പിന്നോട്ടുപോകുകയും നബിﷺ തിരുമേനിയ്ക്ക് അതിൽ വെറുപ്പുണ്ടാകുകയും ചെയ്ത ഹദ്റത്ത് കഅ്ബ് ബിൻ മാലിക്കിؓനെക്കുറിച്ചും മറ്റുചില സ്വഹാബാക്കളെക്കുറിച്ചും കഴിഞ്ഞ ഖുത്വ്ബയിൽ വിവരിച്ചിരുന്നു. ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദുംؓ വിവരിക്കുകയും ഈ വിഷയത്തിന്റെ വെളിച്ചത്തിൽ ജമാഅത്തിന് ഉപദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു:

"ഈ യുദ്ധത്തിൽ മൂന്നു സത്യവിശ്വാസികൾ പങ്കെടുത്തിരുന്നില്ലെന്നാണ് ഹദീഥുകളിൽ വന്നിട്ടുള്ളത്. അവരിൽ ഒരാളുടെ (കഅ്ബു ബ്നു മാലിക്കിന്റെ) സുദീർഘമായ വിവരണം ഹദീഥുകളിൽ വരുന്നുണ്ട്. അദ്ദേഹം പറയുന്നു: "ഞാൻ നബിﷺതിരുമേനി മടങ്ങി

വന്നതിനുശേഷം ആ മഹാത്മാവിന്റെ അടുക്കൽച്ചെന്നപ്പോൾ, പിന്നിൽമാറിനിന്നിരുന്ന മറ്റാരെങ്കിലും വന്നിട്ടുണ്ടോയെന്നും അവർ മാപ്പപേക്ഷിക്കാൻ സ്വീകരിച്ച രീതിയെന്തായിരുന്നുവെന്നും അവരോടെങ്ങനെയാണ് നബിﷺതിരുമേനി പെരുമാറിയതെന്നും ആളുകളോടുചോദിച്ചറിഞ്ഞു. അവർ പറഞ്ഞു: 'ആളുകൾ വന്നുടനെ ഒഴികഴിവുകൾ പറയുകയും, യാ റസൂലല്ലാഹ് ﷺ! ഞങ്ങൾക്കുവേണ്ടി പാപമോചനം തേടണമെന്ന് അപേക്ഷിക്കുകയും ചെയ്തപ്പോൾ നബിﷺ തിരുമേനി അവർക്കുവേണ്ടി ദുആ ചെയ്തു.' ആ സ്വഹാബിؓപറയുന്നു: 'എന്തെങ്കിലും ഒഴികഴിവ് പറഞ്ഞ് ശിക്ഷകിട്ടാതെ രക്ഷപ്പെട്ടാലോ എന്നു ഞാൻ ആലോചിച്ചു. എന്നാൽ, പിന്നീട് എന്റെ മനസ്സിൽ മറ്റെന്തോ ചിന്ത വന്നു. ഞാൻ സ്വഹാബിമാരോടു ആരൊക്കെയാണ് വന്നതെന്ന് ചോദിച്ചു. അവർ പറഞ്ഞ പേരെല്ലാം കപടവിശ്വാസികളുടേതായിരുന്നു. അവർ രണ്ടു സത്യവിശ്വാസികളുടെ പേരുമാത്രമാണ് പറഞ്ഞത്. അവർ പറഞ്ഞു: 'ആ രണ്ടുപേരും ഒഴികഴിവൊന്നും പറഞ്ഞില്ല, പകരം തങ്ങളുടെ തെറ്റ് ഏറ്റുപറയുകയാണ് ചെയ്തത്.' അപ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു, ഞാനെന്തിനാണ് കപടവിശ്വാസികളുടെ കൂടെ ചേരുന്നത്? യഥാർഥത്തിൽ ഒഴികഴിവായി കണക്കാക്കാൻ കഴിയാത്ത കാരണങ്ങൾ പറയുന്നതിനെക്കാൾ നല്ലത് എനിക്കു തെറ്റു സംഭവിച്ചു, എന്നോടു അങ്ങയ്ക്കിഷ്ടമുള്ളതുപോലെ പ്രവർത്തിക്കാമെന്ന് തുറന്നു പറയുന്നതാണ്. ഈ ചിന്ത മനസ്സിൽ വന്നതോടെ, ഞാനെന്റെ കുറ്റം ഏറ്റുപറയാൻ തീരുമാനിച്ചു. അങ്ങനെ അല്ലാഹു എന്നെ കപടവിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതിൽനിന്ന് രക്ഷിച്ചു. ഞാൻ ചെന്ന് നബിﷺതിരുമേനിയോടു കാര്യം വ്യക്തമായി പറഞ്ഞു: 'ഞാൻ യുദ്ധത്തിൽ പങ്കെടുക്കാതിരുന്നത് എന്റെ മടിയും അലസതയും കൊണ്ടാണ്, അല്ലാതെ എനിക്കു യഥാർഥമായ ഒഴികഴിവുകളൊന്നുമുണ്ടായിരുന്നില്ല.' അപ്പോൾ നബിﷺ തിരുമേനി പറഞ്ഞു: 'താങ്കളുടെ കാര്യത്തിൽ അല്ലാഹുവിന്റെ തീരുമാനം വരുന്നതുവരെ താങ്കളുമായി ബന്ധം വിച്ഛേദിക്കപ്പെടുന്നതായിരിക്കും.' ഈ സ്വഹാബിയുടെ പേര് കഅ്ബുബ്നു മാലിക്ؓഎന്നായിരുന്നു. അദ്ദേഹം പറയുന്നു: 'ഈ തീരുമാനം ഞങ്ങളെ വലിയ ദുരിതത്തിലാക്കി. കാരണം മദീനയിൽ എല്ലാവരും മുസ്ലിമീങ്ങളായിരുന്നു, കപടവിശ്വാസികളിൽപ്പെട്ടവർക്കുപോലും ഞങ്ങളോടു സംസാരിക്കാൻ തന്റേടമുണ്ടായിരുന്നില്ല.

ഇക്കാര്യങ്ങളെല്ലാം വളരെ ചുരുക്കിയാണ് ഞാൻ വിവരിച്ചിട്ടുള്ളത്, ഇതിന്റെ വിശദീകരണങ്ങൾ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഖുത്ബയിൽ ഈ വിഷയം വിവരിക്കുകയും, അതിലൂടെ ഞാൻ പറഞ്ഞതുപോലെ, ജമാഅത്തിനുപദേശം നല്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു: 'ഇവിടെ അതായത് ഖാദിയാനിൽ ഞാൻ കണ്ടു. -ഇത് 1936-ലെ കാര്യമാണ്- ആരോടാണോ സംസാരിക്കരുതെന്ന് പറഞ്ഞത്, അതായത് ആർക്കാണോ ശിക്ഷ കിട്ടിയത്, അവർ മഹല്ലുകളിൽ അഹ്മദികളുടെ വീടുകളിലും പോകുന്നു. മഹല്ലുകാർ ഉറങ്ങുകയാണോ എന്നറിയില്ല, അവർക്ക് കാര്യം അറിയുകയില്ലെന്നാണ് തോന്നുന്നത്. ഇവിടെയുള്ള ചില അഹ്മദികൾ പാമ്പുകളെ പോറ്റിവളർത്തുകയാണെന്ന് തോന്നുന്നു. എന്നാൽ, അവർ ഓർത്തുകൊള്ളട്ടെ: "ഈ പാമ്പുകൾക്ക് അല്ലാഹുവിനെയോ, അവന്റെ റസൂലിനെയോ, ഖലീഫയെയോ കൊത്തിപരിക്കേൽപ്പിക്കാൻ കഴിയില്ല. ഇവയെ പോറ്റുന്നവരെ മാത്രമേ അത് കൊത്തുകയുള്ളൂ. ഞങ്ങൾ അല്ലാഹുവിന്റെ കൃപയാൽ സുരക്ഷിതരാണ്. കാരണം ആരെയാണോ അല്ലാഹു തന്റെ സംരക്ഷണത്തിലെടുക്കുന്നത് അവരെ ദംശിക്കാൻ ആർക്കാണ് കഴിയുക? ആരെയാണോ കൊത്താൻ കഴിയുന്നത് അവരെ മാത്രമേ ഇവ കൊത്തുകയുള്ളൂ. വ്യസനകരമെന്നു പറയട്ടെ, കണ്ടിട്ടും ഈ പാമ്പുകളുടെ നീക്കം അവർ കാണാതെ നടിക്കുകയാണ്."

അക്കാലഘട്ടത്തിൽ ചില ഫിത്നകൾ(കുഴപ്പങ്ങൾ)ഉടലെടുത്തിരുന്നു, അതു കാരണമാണ് ആ മഹാത്മാവിന് ഇങ്ങനെ പറയേണ്ടിവന്നത്. തുടർന്ന് അദ്ദേഹം പറയുന്നു: "മദീനയിൽ ഒരു കപടവിശ്വാസിക്കുപോലും അവരുമായി സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ കല്പന വന്ന് കുറച്ചുദിവസങ്ങൾക്കുശേഷം, നബിﷺതിരുമേനി ഒരു കല്പനകൂടി നല്കി: 'ഇവരുടെ ഭാര്യാമക്കളും ഇവരിൽനിന്ന് വേർപ്പെട്ടു നിൽക്കേണ്ടതാണ്.' ഞങ്ങളിൽ മൂന്നുപേരിലൊരാൾ വൃദ്ധനായിരുന്നു, അദ്ദേഹത്തിന്റെ ഭാര്യ നബിﷺ തിരുമേനിയുടെ അടുത്തുചെന്ന് അപേക്ഷിച്ചു: 'യാ റസൂലല്ലാഹ് ﷺ! എന്റെ ഭർത്താവ് നേരത്തെ തന്നെ മരിച്ചതിന് തുല്യനാണ്, അദ്ദേഹം ഭക്ഷണം കഴിക്കുകയോ ഉറങ്ങുകയോ ചെയ്യുന്നില്ല. മാത്രമല്ല, പ്രായംകൊണ്ട് എപ്പോഴും സഹായം ആവശ്യമുള്ള ആളുമാണ്. ഭാര്യാഭർത്തൃബന്ധത്തിന് അദ്ദേഹം നേരത്തെതന്നെ അശക്തനാണ്. അങ്ങ് അനുവദിക്കുകയാണെങ്കിൽ അദ്ദേഹത്തിന് ഭക്ഷണപാനീയങ്ങളിൽ ഞാൻ സഹായം ചെയ്തുകൊടുക്കാം.' നബിﷺതിരുമേനി പറഞ്ഞു: 'ശരി, അത്രയും അനുവദിച്ചിരിക്കുന്നു.' അപ്പോൾ (ഹദ്റത്ത് കഅ്ബ്) പറയുന്നു: ഞാനും എന്റെ കാര്യത്തിൽ ഇത്തരമൊരു അനുവാദം നേടാനുള്ള വഴി തേടിയാലോ എന്ന് ചിന്തിച്ചു. എന്നാൽ, ഉടൻതന്നെ എന്റെ മനസ്സിൽവന്നു, അദ്ദേഹം വൃദ്ധനാണ്, ഞാൻ ചെറുപ്പക്കാരനാണ്. ഞാനിങ്ങനെ ചെയ്യുന്നത് ഉചിതമല്ല. അതിനെ തുടർന്ന് ഞാൻ എന്റെ ഭാര്യയോടു പറഞ്ഞു: 'നീ നിന്റെ വീട്ടിൽ പൊയ്ക്കൊള്ളുക. ഞാൻ നിന്നെ വിളിക്കുമ്പോൾ നീ മറുപടി തരാനിടവരരുത്. എന്നെ ശ്രദ്ധിക്കാനോ എന്നോടു സംസാരിക്കാനോ മറ്റാരെങ്കിലും ഉണ്ടാകുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ, നബിﷺതിരുമേനിയുടെ സ്നേഹവും അനുകമ്പയും കാരണം എന്റെ വേദന കാണുമ്പോൾ നബിﷺ തിരുമേനിക്ക് തീർച്ചയായും ദയ തോന്നുമെന്ന് ഞാൻ കരുതി. അതുകൊണ്ടു ഞാൻ നബിﷺ തിരുമേനിയുടെ സദസ്സിൽപ്പോയി ഉച്ചത്തിൽ അസ്സലാമു അലയ്ക്കും പറയുമായിരുന്നു. എന്നിട്ട് നബിﷺതിരുമേനിയുടെ ചുണ്ടുകൾ ചലിക്കുന്നുണ്ടോ എന്ന് നോക്കുമായിരുന്നു. എന്നാൽ, നബിﷺ തിരുമേനി മറുപടി നല്കുമായിരുന്നില്ല. ഞാൻ പരിഭ്രമത്തോടെ എഴുന്നേറ്റു പോകുകയും അവിടത്തെ ചുണ്ടുകൾ ചലിച്ചിട്ടുണ്ടാകണം. പക്ഷേ, എനിക്ക് കാണാൻ കഴിയാത്തതാണെന്ന് കരുതി ആശ്വസിക്കുകയും ചെയ്യുമായിരുന്നു. അതുകൊണ്ട് ആ സമയത്ത് ഞാൻ സദസ്സിൽനിന്നെഴുന്നേറ്റു പോകും, എന്നിട്ട് തിരിച്ചു വന്ന് ഉച്ചത്തിൽ സലാം പറഞ്ഞ് വീണ്ടും ചുണ്ടുകളിൽ നോക്കും. വീണ്ടും എഴുന്നേറ്റു വരും, വീണ്ടും പോകും.പക്ഷേ, അവിടന്ന് മറുപടി നല്കാറില്ല. അതേ, അവിടന്ന് ഇടംകണ്ണിട്ട് എന്റെ നേർക്ക് വല്ലപ്പോഴും നോക്കുമായിരുന്നു. അദ്ദേഹം പറയുന്നു: ഒരുപാടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഞാനെന്റെ പിതൃസഹോദര പുത്രന്റെ അടുത്തുപോയി, അദ്ദേഹത്തോടൊപ്പമായിരുന്നു ഞാനെപ്പോഴും തിന്നുകയും കുടിക്കുകയും താമസിക്കുകയും ചെയ്തിരുന്നത്. ഞാൻ ചെന്നപ്പോൾ അദ്ദേഹം തന്റെ തോട്ടത്തിൽ ജോലി ചെയ്യുകയായിരുന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: 'സഹോദരാ, നീ എന്റെ രഹസ്യങ്ങൾ അറിയുന്നവനാണ്. നമ്മളെപ്പോഴും ഒരുമിച്ചുണ്ടായിരുന്നവരാണ്. നമ്മൾ ഒരു കാര്യവും പരസ്പരം മറച്ചുവെച്ചിട്ടില്ല. ഞാൻ ആത്മാർഥതയുള്ള ഒരു മുസ്‌ലിമാണെന്നും കപടവിശ്വാസത്തിന്റെ ഒരു ഞരമ്പും എന്നിലില്ലെന്നും നിനക്കറിയാമല്ലോ. ഇന്ന് ഞാൻ പരിഭ്രമത്തോടെ നിന്നോട് ചോദിക്കാൻ വന്നതാണ്. പറയൂ, ഞാനൊരു കപടവിശ്വാസിയാണോ?' എന്നാൽ, അദ്ദേഹം ഒരു മറുപടിയും നല്കിയില്ല. അദ്ദേഹം ആകാശത്തിൽ നോക്കി. അതിലൂടെ അദ്ദേഹം ഉദ്ദേശിച്ചത്: അല്ലാഹുവിനും അവന്റെ റസൂലിനും മാത്രമേ നന്നായി അറിയൂ എന്നാണ്. അദ്ദേഹം പറയുന്നു: എന്റെ രഹസ്യങ്ങൾ അറിയുന്ന സഹോദരൻപോലും ഈ മറുപടി പറഞ്ഞപ്പോൾ, ഭൂമി എനിക്ക് ഇടുങ്ങിയതായി അനുഭവപ്പെട്ടു. ഞാൻ പരിഭ്രാന്തനായി തോട്ടത്തിന്റെ മതിൽ ചാടിക്കടന്ന് പുറത്തു വന്നു. ഭ്രാന്തനെപ്പോലെ നഗരത്തിലേക്ക് നടന്നു. ഞാൻ നഗരത്തിനടുത്തെത്തിയപ്പോൾ, ഒരാൾ എന്റെ അടുത്തുവന്ന് ചോദിച്ചു: 'നീ ഇന്നയാളാണോ?' അതെ എന്ന് ഞാൻ പറഞ്ഞു. അപ്പോൾ അയാൾ എനിക്കൊരു കത്ത് തന്നു. ഇന്ന രാജാവ് അയച്ചതാണ്. ഇത് റോമൻ ഭരണത്തിന് കീഴിലുള്ള ഒരു അറബിയായ ക്രിസ്ത്യൻ രാജാവായിരുന്നു. ഞാൻ തുറന്നു വായിച്ചപ്പോൾ അതിലിങ്ങനെ എഴുതിയിരുന്നു: 'താങ്കൾ അറബികളിലെ നേതാവാണെന്ന് ഞങ്ങൾക്കറിയാം, താങ്കളെ ആദരിക്കേണ്ടതിനു പകരം മുഹമ്മദ്ﷺതാങ്കളെ അപമാനിച്ചിരിക്കുന്നു. താങ്കൾ എന്റെ അടുത്തു വരികയാണെങ്കിൽ, താങ്കളുടെ പദവിക്കനുയോജ്യമായ പരിഗണന ഞാൻ നല്കാം.' കഅ്ബ് പറയുന്നു: 'എന്റെ സഹോദരൻ എനിക്കു നല്കിയ മറുപടി കാരണം എന്റെ മനസ്സ് വേദനിച്ചിരിക്കുകയായിരുന്നു. അപ്പോഴും അസ്വസ്ഥതയുണ്ടായിരുന്നു. ആ കത്ത് കണ്ടപ്പോൾ ഞാൻ സ്തംഭിച്ചുപോയി. ഞാൻ ചിന്തിച്ചു: ഇത് പിശാചിന്റെ അവസാനത്തെ അടവാണ്. എന്റെ കാലുകൾ ഇടറിപ്പോകരുത്.' ഞാൻ ആ ദൂതനോടു പറഞ്ഞു: 'എന്റെ പിന്നാലെ വരുക. ഒരു സ്ഥലത്ത് ഒരാൾ ചൂള കത്തിക്കുന്നുണ്ടായിരുന്നു. ഞാൻ ആ കത്ത് കഷണങ്ങളാക്കി ആ തീയിലിട്ടു. എന്നിട്ട് ദൂതനോടു പറഞ്ഞു: 'നിന്റെ രാജാവിനോടു ചെന്നു പറയുക, ഇതാണ് അതിനുള്ള മറുപടി. ഇതായിരുന്നു അവരുടെ പരീക്ഷണത്തിന്റെയും ദുരിതത്തിന്റെയും അവസാന നിമിഷങ്ങൾ. അവസാനം അല്ലാഹു കരുണ

ചൊരിയുകയും അവരുടെ തെറ്റ് പൊറുത്തുകൊടുക്കാൻ നബിﷺ തിരുമേനിയോടു കല്പ്പിക്കുകയും ചെയ്തു.”*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 17, പേജ് 655-658, 1936 ഒക്ടോബർ 9-ന് വിവരിച്ചത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓമറ്റൊരിടത്ത് പറയുന്നു:

കഅ്ബ് ബിൻ മാലിക്കിന്റെ സംഭവം എത്രമാത്രം ഗുണപാഠമുള്ളതാണ്! അദ്ദേഹം എല്ലാ യുദ്ധങ്ങളിലും നബിﷺതിരുമേനിയുടെ കൂടെയുണ്ടായിരുന്നു, മക്കാ വിജയ സമയത്തും ഒപ്പമുണ്ടായിരുന്നു. എന്നാൽ, തബൂക് യുദ്ധത്തിൽ മടി കാരണം അദ്ദേഹം പിന്നോട്ടായി. നബിﷺതിരുമേനി അദ്ദേഹത്തിന് അത്രയും കഠിനമായ ശിക്ഷ നല്കി, അദ്ദേഹത്തിന്റെ സലാമിനുപോലും മറുപടി നല്കിയിരുന്നില്ല. എല്ലാ മുസ്‌ലിമീങ്ങളെയും അദ്ദേഹത്തോടു സംസാരിക്കുന്നതിൽനിന്ന് തടഞ്ഞു, ഭാര്യയെപോലും വേർപിരിച്ചു. ഈ അവസ്ഥയിലിരിക്കെയാണ് ഗസ്സാൻ രാജാവിന്റെ ദൂതൻ അദ്ദേഹത്തിന് കത്ത് കൊണ്ടുവന്നത്. അതിൽ എഴുതിയിരുന്നത്: ‘നിന്റെ നേതാവ് നിന്റെ വില അറിഞ്ഞില്ല, നീ എന്റെ അടുത്തു വരിക.’ അദ്ദേഹം ഇത് പിശാചിന്റെ അവസാനത്തെ അടവാണെന്ന് പറഞ്ഞ് കത്ത് ചൂളയിലിട്ടു. എന്നാൽ, മുസ്‌ലിഹ് മൗഊദ്ؓപറയുന്നു: ‘ഇക്കാലത്തുള്ള ആളുകളുണ്ടല്ലോ!-അന്ന് ജമാഅത്തിലെ അവസ്ഥ അങ്ങനെയായിരുന്നു-ആരെങ്കിലും ചോദ്യം ചെയ്യപ്പെടുകയോ വിശദീകരണം ആവശ്യപ്പെടുകയോ ചെയ്താൽ, തങ്ങളുടെ സേവനങ്ങൾ പരിഗണിച്ചില്ല, തങ്ങളെ വിലമതിച്ചതുമില്ല എന്ന് പറയുന്നു.’

നിളാം അഥവാ സംവിധാനം വേറിട്ട കാര്യമാണ്, പ്രവർത്തിക്കുകയെന്നത് വേറിട്ട കാര്യമാണെന്ന് ഓർക്കേണ്ടതാണ്. സംവിധാനം നിലനിറുത്താൻ, ആരുതന്നെ തെറ്റു ചെയ്താലും അവരോടു ചോദിക്കപ്പെടുന്നതായിരിക്കും. അതുകൊണ്ട് നിങ്ങൾക്ക് പ്രശംസ കിട്ടാൻ വേണ്ടിയല്ല, മറിച്ച് പിശാചിനെ അകറ്റാൻ വേണ്ടി, ദൈവിക കല്പ്പനയുടെ കീഴിൽ ദീനിനുവേണ്ടി പരിശ്രമിക്കുക. പ്രവർത്തിച്ചതിനുശേഷം, തങ്ങളുടെ തെറ്റുകൾക്ക് ചോദ്യം ചെയ്യപ്പെടില്ലെന്ന് കരുതരുത്. അല്ലാഹുവിനോടു ഔദാര്യം ചെയ്തെന്ന് നടിക്കരുത്. മന്നു വ അദാ (ഔദാര്യം ചെയ്ത് അതുംപറഞ്ഞ് ഉപദ്രവിക്കുക) എന്ന സമീപനം സ്വീകരിക്കരുത്. എല്ലാ വഴികളിലൂടെയും ഇസ്‌ലാമിനെ സേവിക്കുക.”*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 5, പേജ് 527-528, 1917 ജൂലായ് 27)*

ഔദാര്യം കാണിക്കുകയല്ല വേണ്ടത്, പ്രത്യുത സേവനം ചെയ്യുകയാണ് വേണ്ടത്. അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ഇതേ ആവേശമുണ്ടാകേണ്ടതാണ്.

ഇത് രണ്ടാംഖിലാഫത്തിന്റെ ആദ്യകാല ഖുത്ബകളിൽനിന്നുള്ളതാണ്. ആദ്യത്തെ ഉദ്ധരണി 1936-ലേതാണ്.

തബൂക് യുദ്ധത്തിന്റെ യാത്ര അത്രയേറെ തന്ത്രപരവും അനുഗൃഹീതവുമായ യാത്രയായി മാറി. അറബ് മേഖലയിലെല്ലാം മുസ്‌ലിമീങ്ങൾക്ക് ശക്തമായ ആധിപത്യം ലഭിച്ചു. കുറഞ്ഞ സമയം കൊണ്ട് അറേബ്യയിലെങ്ങും ഇസ്‌ലാമിന്റെ പതാക പാറിപ്പറന്നു. ഇതേക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപറയുന്നു:

“തബൂക്കിൽനിന്ന് തിരിച്ചുവന്ന ശേഷം, ത്വാഇഫിലെ ആളുകളുംവന്ന് അനുസരണം ഏറ്റു പറഞ്ഞു. മുമ്പേ അവർ യുദ്ധം ചെയ്യുകയായിരുന്നു. എന്നാൽ, ഇപ്പോൾ ഊഴം അനുസരിച്ചുവന്ന് ഇസ്‌ലാമിക ഭരണകൂടത്തിൽ പ്രവേശിക്കാൻ അനുമതി ചോദിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ അറബ് രാജ്യത്തെങ്ങും ഇസ്‌ലാമിന്റെ പതാക പാറിപ്പറക്കാൻ തുടങ്ങി.” *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20 പേജ് 363)*

തിരിച്ചുവന്നതിനുശേഷം ഒരു സൈനിക നീക്കവുമുണ്ടായിരുന്നു, അത് സരിയ്യ ഹദ്റത്ത് ഖാലിദുബ്നു വലീദ്ؓഎന്നറിയപ്പെടുന്നു. അത് നജ്റാനിലെ ബനൂ ഹാരിഥ് ബിൻ കഅ്ബിലെ, ബനൂ അബ്ദുൽ മദാൻ എന്ന ഗോത്രത്തിനെതിരെയായിരുന്നു. ഗോത്രനാമമുള്ള അബ്ദുൽ മദാൻ, ബനൂ ഹാരിഥിന്റെ പൂർവപിതാവായിരുന്നു. അദ്ദേഹത്തിന്റെ പേര് അംറ് ബിൻ യസീദ് എന്നായിരുന്നു. ഇബ്നു സഅ്ദിന്റെ നിവേദനമനുസരിച്ച് ഈ സരിയ്യ ഹിജ്റ 10-ാം വർഷം റബീഉൽ അവ്വലിലാണ് നടന്നത്. എന്നാൽ, ഇബ്നു ഹിശാമിന്റെ അഭിപ്രായത്തിൽ ഇത് ഹിജ്റ 10-ാം വർഷം റബീഉൽ ആഖിറിലോ ജമാദുൽ അവ്വലിലോ ആയിരുന്നു നടന്നത്. സീറത്തുന്നബി ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓ ഖാലിദ് ബിൻ വലീദിന്റെؓനജ്റാനിലേക്കുള്ള യാത്രയുടെ തീയതി റബീഉൽ അവ്വൽ 10 ഹിജ്റ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. *(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 2, പേജ് 128, ദാറുൽകുതുബുൽ ഇൽമിയ്യ 1990)(അസ്സീറത്തുന്നബവിയ്യ ലി ഇബ്നിഹിശാം പേജ് 861, ദാറുൽ കുതുബുൽ ഇൽമിയ്യ 2001) (അസ്സീറത്തുന്നബവിയ്യ വ അഖ്ബാറുൽ ഖുലഫാഅ് ഇബ്നു ഹബ്ബാൻ പേജ് 385-386, അൽകുതുബുഥ്ഥഖാഫിയ്യ ബെയ്റുത്ത് 1987)(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 833, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ)*

എന്തായാലും, അതിന്റെ കുറച്ചു വിശദീകരണങ്ങൾ ഇപ്രകാരമാണ്: യുദ്ധം ചെയ്യുന്നതിനു മുമ്പേ സൈന്യത്തെ അയച്ചിരുന്നവരുടെ അടുത്തുചെന്ന് മൂന്നു തവണ അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ നബിﷺതിരുമേനി ഹദ്റത്ത് ഖാലിദ്ؓനോടു കല്പ്പിച്ചു. അവർ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ നല്ലത്, അല്ലെങ്കിൽ യുദ്ധം ചെയ്യുക. അതായത്, അവർ യുദ്ധം ചെയ്യാൻ ശ്രമിച്ചാലും, നിങ്ങൾ മൂന്നുതവണ ഇസ്‌ലാമിന്റെ അധ്യാപനത്തിലേക്ക് അവരെ ക്ഷണിക്കണം. അതിനുശേഷവും അവർ യുദ്ധം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽമാത്രം അവരുമായി യുദ്ധം ചെയ്യുക. അങ്ങനെ ഹദ്റത്ത് ഖാലിദ് ؓപ്രവർത്തിക്കുകയും ഈ ആളുകളെല്ലാം മുസ്‌ലിമീങ്ങളായി മാറുകയും ചെയ്തു. അതിനാൽ, ഹദ്റത്ത് ഖാലിദ്ؓഅവരോടൊപ്പം അവിടെ തങ്ങുകയും ഇസ്‌ലാമിന്റെ നിയമങ്ങൾ, വിശുദ്ധ ഖുർആൻ, നബിﷺതിരുമേനിയുടെ സുന്നത്ത് എന്നിവ പഠിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. ഇതാണ് നബിﷺതിരുമേനി ഹദ്റത്ത് ഖാലിദ്ؓനോട് കല്പ്പിച്ചിരുന്നത്. ഇതിനുശേഷം ഹദ്റത്ത് ഖാലിദ്ؓഒരു കത്ത് നബിﷺതിരുമേനിയുടെ സന്നിധിയിൽ അയച്ചു. അതിലിങ്ങനെ എഴുതി:

“ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹിﷺയുടെ തിരുസന്നിധിയിൽ, ഖാലിദ് ബിൻ വലീദിന്റെ ഭാഗത്തുനിന്ന്. ***അസ്സലാമു അലയ്ക്ക യാ റസൂലല്ലാഹ് വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു.*** പങ്കുകാരനാരുമില്ലാത്ത അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു. അമ്മാ ബഅ്ദ്, യാ റസൂലല്ലാഹ്! അങ്ങ് എന്നോടു ബനൂ ഹാരിഥിന്റെ അടുത്ത് പോകാൻ കല്പ്പിച്ചു, മൂന്ന് ദിവസം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാനും പറഞ്ഞു. അവർ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ, ഞാൻ അവരോടൊപ്പം താമസിച്ച് ഇസ്‌ലാമിക നിയമങ്ങളും വിശുദ്ധ ഖുർആനും റസൂലിന്റെ സുന്നത്തും പഠിപ്പിക്കണം. അവർ ഇസ്‌ലാം സ്വീകരിക്കുന്നില്ലെങ്കിൽ, ഞാൻ അവരുമായി യുദ്ധം ചെയ്യണം.”

ചില കാര്യങ്ങൾ വിശദീകരണങ്ങളിൽ വിവരിക്കപ്പെടാറില്ല, അല്ലെങ്കിൽ മറ്റു ചില സ്ഥലങ്ങളിൽനിന്ന് അതു മനസ്സിലാകും. എന്നാൽ, ബലപ്രയോഗത്തിലൂടെ ഇസ്‌ലാം സ്വീകരിക്കാൻ പ്രേരിപ്പിക്കുക എന്നതല്ല ഇസ്‌ലാമിന്റെ അധ്യാപനം. ഇതിന്റെ ഉദ്ദേശ്യം ഇതാണ്: “അവരൊരു കരാറിലും ഏർപ്പെടുന്നില്ലെങ്കിലോ, അതല്ലെങ്കിൽ യുദ്ധം ചെയ്യുകയാണെങ്കിലോ, അപ്പോൾ അവരുമായി യുദ്ധം ചെയ്യാൻ നിങ്ങൾക്ക് അനുവാദമുണ്ട്.” തുടർന്ന് അദ്ദേഹം എഴുതുന്നു: “ഞാൻ അവരുടെയടുക്കൽ വന്നു, അവിടത്തെ നിർദ്ദേശപ്രകാരം മൂന്നുദിവസം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു, എന്റെ കുതിരപ്പടയാളികളെ അവരുടെ അടുത്തയച്ചു: ‘ഓ ബനൂ ഹാരിഥേ! ഇസ്‌ലാം സ്വീകരിക്കുക, അങ്ങനെയായാൽ നിങ്ങൾ രക്ഷപ്പെടും.”

അപ്പോൾ ആളുകൾ ഇസ്‌ലാം സ്വീകരിക്കുകയും യുദ്ധത്തിൽ നിന്ന് പിന്മാറുകയും ചെയ്തു. അവർ തബ്‌ലീഗ് അഥവാ പ്രബോധനം നടത്തി, അവർ ഇസ്‌ലാം സ്വീകരിച്ചു. ഈ വാചകത്തിൽ നിന്ന് ഇതു വളരെ വ്യക്തമാണ്: അവർ യുദ്ധത്തിന് മുൻകൈ എടുത്തില്ല, അതിനാൽ അവർ യുദ്ധത്തിൽനിന്ന് പിന്മാറി. ഇവർ യുദ്ധം ചെയ്യാനല്ല പോയത്, മറിച്ച് തബ്‌ലീഗ് ചെയ്യാനാണ് പോയത്, അത് അവർ ചെയ്തു. ഇപ്പോൾ ഞാൻ അവരോടൊപ്പം താമസിക്കുകയും ദീനിന്റെ കല്പ്പനകളും വിധിവിലക്കുകളും അവർക്ക് പഠിപ്പിക്കുകയും ചെയ്യുന്നു. ഇനി അങ്ങയുടെ ഭാഗത്തുനിന്ന് എന്ത് കൽപ്പനയാണോ വരുന്നത്, അതനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നതായിരിക്കും. **വസ്സലാമു അലയ്ക്ക യാ റസൂലല്ലാഹ് വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു.**

ഹദ്റത്ത് ഖാലിദിന്റെ ഈ കത്തിനുള്ള മറുപടിയിൽ നബിﷺതിരുമേനി ഇപ്രകാരം പറഞ്ഞു: **ബിസ്മില്ലാഹിർറഹ്മാനിർറഹീം.** മുഹമ്മദ് റസൂലുല്ലാഹിﷺയുടെ ഭാഗത്തുനിന്ന് ഖാലിദ് ബിൻ വലീദിന് സലാം! മറ്റൊരുആരാധ്യനുമില്ലാത്ത അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു. അമ്മാ ബഅ്ദ്, നിങ്ങളുടെ കത്ത് ദൂതൻ മുഖേന എന്റെ അടുക്കലെത്തി. ബനൂ ഹാരിഥ് ഇസ്‌ലാം സ്വീകരിച്ചുവെന്നും, യുദ്ധത്തിനുമുമ്പേ തന്നെ ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ് എന്നതിന് സാക്ഷ്യം വഹിച്ചുവെന്നും മനസ്സിലായി. ഇത് അല്ലാഹുവിന്റെ മാർഗനിർദേശമാണ്, അത് അവൻ അവർക്ക് നല്കി. അതിനാൽ നിങ്ങൾ അവർക്ക് അല്ലാഹുവിന്റെ പ്രതിഫലത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക,

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തുകയും ചെയ്യുക. അവരുടെ കൂട്ടത്തിൽനിന്ന് കുറച്ചു പേരെയും കൂട്ടി നിങ്ങൾ എന്റെ യടുക്കൽ വരിക. വസ്സലാമു അലയ്ക്ക വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു.

ഹദ്റത്ത് ഖാലിദ്ؓഈ കല്പന കണ്ട ശേഷം ബനൂ ഹാരിഥിലെ ചില വ്യക്തികളെയും കൂട്ടി നബി ﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അദ്ദേഹം കൊണ്ടുവന്നവരുടെ പേരുകൾ ഇവയാണ്: 'ഖയ്സ് ബിൻ ഹുസ്വയ്ൻ, യസീദ് ബിൻ അബ്ദുൽ മദാൻ, യസീദ് ബിൻ മുഹജ്ജൽ, അബ്ദുല്ലാഹ് ബിൻ ഖുറാദ്, ശദ്ദാദ് ബിൻ അബ്ദുല്ലാഹ്, അംറ് ബിൻ അബ്ദുല്ലാഹ്.' ഈ ആളുകൾ നബി ﷺതിരുമേനിയുടെ അടുക്കൽ ഹാജരായപ്പോൾ, അവിടന്ന് അവരെ നോക്കിക്കൊണ്ടു ചോദിച്ചു: 'ഇവർ ആരാണ്? ഇവരെ കണ്ടാൽ ഇന്ത്യക്കാരെ പോലെ തോന്നുന്നുവല്ലോ.' അപ്പോൾ പറഞ്ഞു: 'യാ റസൂലല്ലാഹ്ﷺ, ഇവർ ബനൂ ഹാരിഥിലെ ആളുകളാണ്.' ആ ആളുകൾ നബി ﷺതിരുമേനിക്ക് സലാം ചൊല്ലിക്കൊണ്ട് അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്നും അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ലെന്നും ഞങ്ങൾ സാക്ഷ്യം വഹിക്കുന്നുവെന്നും പറഞ്ഞു. നബിﷺതിരുമേനി അപ്പോൾ പറഞ്ഞു: 'അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ലെന്നും നിശ്ചയമായും ഞാൻ അവന്റെ ദൂതനാണെന്നും ഞാനും സാക്ഷ്യം വഹിക്കുന്നു.' പിന്നീട് നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ശത്രുവുമായി യുദ്ധം ചെയ്യുമ്പോൾ അവനെ വിരട്ടിഓടിക്കുന്നവരാണ്. ആളുകൾ മൗനം പാലിച്ചു. അവരിലാരും മുന്നോട്ടു വന്നില്ല (അതായത്, സംസാരിച്ചില്ല). നബിﷺതിരുമേനി ഇതു രണ്ടാം തവണയും ആവർത്തിച്ചു, അപ്പോഴും അവർ മൗനം പാലിച്ചു, ആരും മുന്നോട്ടു വന്നില്ല. ആരും മറുപടി നല്കിയില്ല. നബി ﷺതിരുമേനി ഇതു മൂന്നാം തവണയും ആവർത്തിച്ചു. ആരും മുന്നോട്ടു വന്നില്ല. അങ്ങനെ നബിﷺ തിരുമേനി നാലാം വട്ടവും അതാവർത്തിച്ചു: 'നിങ്ങൾ ശത്രുവുമായി യുദ്ധം ചെയ്യുമ്പോൾ അവനെ ഓടിച്ചുകളയും.'(അതായത്, നിങ്ങൾ സ്വയം വലിയ ശക്തിയുള്ളവരാണെന്ന് കരുതുന്നവരായിരുന്നു). അപ്പോൾ യസീദ് ബിൻ അബ്ദുൽ മദാൻؓ ബോധിപ്പിച്ചു: 'യാ റസൂലല്ലാഹ്ﷺ! അതെ, ഞങ്ങൾ അപ്രകാരമുള്ള ആളുകളാണ്. ഞങ്ങൾ ആരുമായി യുദ്ധം ചെയ്താലും അവരെ ഓടിച്ചുകളയും.' അദ്ദേഹം ഈ വാക്ക് നാലുതവണ ആവർത്തിച്ചു. 'ഞങ്ങൾ വലിയ പോരാളികളും ധീരന്മാരുമായിരുന്നു. പക്ഷേ, ഇവിടെ ഇതാണ് സംഭവിച്ചത്. അതായത് കീഴ്പ്പെട്ടിരിക്കുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചുവെന്ന് ഖാലിദ് എനിക്കെഴുതി അറിയിച്ചിരുന്നില്ലെങ്കിൽ, ഞാൻ നിങ്ങളെ കീഴ്മേൽ കെട്ടിത്തൂക്കുമായിരുന്നു. യസീദ് ബിൻ അബ്ദുൽ മദാൻؓബോധിപ്പിച്ചു: ഞങ്ങൾ അങ്ങയോടോ ഖാലിദിനോടോ കടപ്പെട്ടവരല്ല. (പുതുതായി ഇസ്‌ലാം സ്വീകരിച്ച അദ്ദേഹം ഇങ്ങനെ പറഞ്ഞു). നബി ﷺതിരുമേനി ചോദിച്ചു: 'പിന്നെ നിങ്ങൾ ആരോടാണ് കടപ്പെട്ടത്?' അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയുടെ മാധ്യമത്തിലൂടെ ഞങ്ങൾക്ക് സന്മാർഗം നല്കിയ അല്ലാഹുവിനോടാണ് ഞങ്ങൾ കൃതജ്ഞതയുള്ളവർ.' അദ്ദേഹം വളരെ നല്ല മറുപടിയാണ് നല്കിയത്. നബിﷺതിരുമേനി പറഞ്ഞു: നിങ്ങൾ പറഞ്ഞത് സത്യമാണ്. പിന്നെ അവിടന്ന് ചോദിച്ചു: 'നിങ്ങൾ ജാഹിലിയ്യാ കാലഘട്ടത്തിൽ എങ്ങനെയാണ് നിങ്ങളുടെ എതിരാളികളെ കീഴ്പ്പെടുത്തിയിരുന്നത്?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്ﷺ, ഞങ്ങൾ ഒറ്റക്കെട്ടായി ശത്രുവുമായി യുദ്ധം ചെയ്യുമായിരുന്നു. ഞങ്ങൾ ഒരുമയോടെ യുദ്ധം ചെയ്താൽ, തീർച്ചയായും ഞങ്ങൾക്ക് വിജയം ലഭിക്കുമെന്നും, ഞങ്ങളെ ആർക്കും കീഴ്പ്പെടുത്താൻ കഴിയില്ലെന്നും വിശ്വസിച്ചിരുന്നു. ഇസ്‌ലാം ആവിർഭവിക്കുകയും, എല്ലാ ഗോത്രങ്ങളെയും ഏകോപിപ്പിക്കുകയും, വിവിധ ഗോത്രങ്ങൾ ഒരേ മനസ്സായി മാറുകയും ചെയ്തപ്പോൾ, അവർക്കു മനസ്സിലായി, ഇവരും ഒന്നിച്ചിരിക്കുകയാണ്, അതിനാൽ ഞങ്ങൾ ഇവരുമായി യുദ്ധം ചെയ്യാതിരിക്കുന്നതാണ് നല്ലത്. യുദ്ധം ചെയ്യാതിരിക്കുക മാത്രമല്ല, ഇസ്‌ലാം സ്വീകരിക്കുക കൂടി ചെയ്യുന്നതാണ് ഉചിതം, കാരണം ഇതാണ് സത്യമതം.

നബിﷺതിരുമേനി ഖയ്സ് ബിൻ ഹുസയ്നെ ബനൂഹാരിഥിന്റെ അമീറായി നിശ്ചയിച്ചു. ശവ്വാൽ മാസത്തിന്റെ അവസാനത്തിലോ ദുൽഖഅ്ദയുടെ ആരംഭത്തിലോ ഇവരെ യാത്രയാക്കി. അവർ തങ്ങളുടെ ജനതയിൽ എത്തിയതിനു നാലുമാസത്തിനുശേഷം നബിﷺതിരുമേനിയുടെ വേർപാടുണ്ടായി.*(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം, പേജ് 861-863, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് ലബ്നാൻ 2001)*

നബിﷺതിരുമേനി ചെയ്ത അവസാനത്തെ യുദ്ധം തബൂക് യുദ്ധമായിരുന്നു. നബിﷺതിരുമേനി അയച്ച അവസാനത്തെ സൈന്യം അല്ലെങ്കിൽ സരിയ്യത്ത് ഉസാമയുടെ സൈന്യമായിരുന്നു. ഉസാമയുടെ സൈന്യത്തിന്റെ വിശദീകരണം അദ്ദേഹത്തെ കുറിച്ച് പറഞ്ഞപ്പോഴും ഹദ്റത്ത് അബൂബക്റിനെ കുറിച്ച് പറഞ്ഞപ്പോഴും നല്കിക്കഴിഞ്ഞിട്ടുള്ളതാണ്. എങ്കിലും വളരെ ചുരുങ്ങിയ നിലയിൽ അതിന്റെ പശ്ചാത്തലത്തോടുകൂടി ഇവിടെ വിവരിക്കുന്നതാണ്.

ബുഖാരിയിലെ നിവേദനമാണ്. "ഹദ്റത്ത് അനസ് ബിൻ മാലിക്ؓൽ നിന്ന് നിവേദനം. നബിﷺ തിരുമേനി ഹദ്റത്ത് സയ്ദിന്റേയും ഹദ്റത്ത് ഹദ്റത്ത് ജഅ്ഫർ ബിൻ റവാഹയുടേയും മരണവാർത്ത അനുചരന്മാരെ അറിയിച്ചു. ഇതിനുമുമ്പേ ജനങ്ങളുടെ അടുത്ത് അവരെക്കുറിച്ച് ചിലവിവരങ്ങളെത്തിയിരുന്നു. അതിനുമുമ്പേ, ഉസാമയുടെ സൈന്യത്തിനു മുമ്പേ ഒരു സൈന്യം പോയിരുന്നു. അവിടന്ന് പറഞ്ഞു:സയ്ദ് പതാകയേന്തി അദ്ദേഹം ശഹീദായി. പന്നീട് ജഅ്ഫർ പതാക പിടിച്ചു. അദ്ദേഹവും ശഹീദായി. പിന്നീട് ഇബ്നു റവാഹ പതാക പിടിച്ചു. അദ്ദേഹവും ശഹീദായി. നബിﷺതിരുമേനിയുടെ കണ്ണീരൊഴുകുന്നുണ്ടായിരുന്നു. പിന്നീട് അല്ലാഹുവിന്റെ വാളുകളിലൊരു വാളായ ഖാലിദ് ബിൻ വലീദ് പതാക കൈയിലേന്തി. അങ്ങനെ അല്ലാഹു അദ്ദേഹത്തിന് ശത്രുക്കളുടെമേൽ വിജയം നല്കി.*(സ്വഹീഹുൽബുഖാരി കിതാബുൽ മനാഖിബ് ബാബ് മനാഖിബ് ഖാലിദ് ബിൻ വലീദ് ഹദീഥ് 3757 മുത്തർജിം വാല്യം 7, പേജ് 243)*

ഹജ്ജത്തുൽവിദായിൽനിന്ന് മടങ്ങിവരുമ്പോൾ നബിﷺതിരുമേനി തിരിച്ച് മദീനമുനവ്വറയിലെത്തിയപ്പോൾ ദക്ഷിണ ദിക്കിൽനിന്ന് മദീനയ്ക്ക് ഒരു ശത്രുവിന്റെയും ഭീഷണി ഉണ്ടായിരുന്നില്ല. പക്ഷേ, വടക്കുഭാഗത്തുനിന്ന്, റോമക്കാരുടെ ഭാഗത്തുനിന്ന് അപ്പോഴും ഭീഷണി നിലനിന്നിരുന്നു. കാരണം ആ ക്രിസ്ത്യാനികൾക്ക് അപ്പോഴും തങ്ങളുടെ ശക്തിയിൽ വലിയ ഗർവായിരുന്നു. അതുകൊണ്ടും ഏതുനേരത്തും അവരുടെ ഭാഗത്തുനിന്ന് ആക്രമണമുണ്ടാകാമായിരുന്നു. എന്നല്ല മുഅത്ത യുദ്ധത്തിലെ ശുഹദാവിന്റെ ഖിസ്വാസ്വും ബാക്കിയുണ്ടായിരുന്നു. കാരണം ആ യുദ്ധത്തിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ കഴിവുകളുടെ അടിസ്ഥാനത്തിൽ മുസ്‌ലിമീങ്ങളുടെ സൈന്യം തിരിച്ചു മദീനയിലെത്തുന്നതിൽ വിജയിച്ചിരുന്നു.

ഹജ്ജ് കഴിഞ്ഞ് നബിﷺതിരുമേനി മദീനയിൽ തിരിച്ചെത്തിയിട്ട് അധികനാളായില്ല, കുറച്ചു നാളിനുശേഷം ഹദ്റത്ത് ഉസാമ ബിൻ സയ്ദിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തിന് ശാമിനെ ആക്രമിക്കാൻ കല്പന കൊടുത്തു. *(ഹയാത്തെ മുഹമ്മദ്ﷺമുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർജിം അബൂ അഫ്ളൽ മുഹമ്മദു ഖാൻ, പേജ് 597)*

നബിﷺതിരുമേനി വഫാത്താകുന്നതിനു രണ്ടു ദിവസം മുമ്പേയാണ് ഉസാമയുടെ സൈന്യത്തിന്റെ തയ്യാറെടുപ്പ് പൂർത്തിയായത്. അതിന്റെ ആരംഭം അവിടന്ന് രോഗിയാകുന്നതിനുമുമ്പേ തുടങ്ങിക്കഴിഞ്ഞിരുന്നു. നബിﷺ തിരുമേനി സ്വഫർ മാസത്തിന്റെ അവസാനത്തിൽ റോമക്കാർക്കെതിരിൽ യുദ്ധത്തിന് തയ്യാറാകാൻ


**• ഹദീഥുന്നബവിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,



**• ഹദീഥുന്നബവിﷺ •**

**"അൽമത്വ്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

കല്പ്പിച്ചു. ഹദ്റത്ത് ഉസാമയെ വിളിപ്പിച്ചു. പറഞ്ഞു:'താങ്കളുടെ പിതാവിന്റെ ശഹാദത്ത് സ്ഥലത്ത് പോകുക.' ആദ്യത്തെ യുദ്ധത്തിൽ ഹദ്റത്ത് സയ്ദിനെ ശഹീദാക്കിയ സ്ഥലമായിരുന്നു അത്. അവിടന്ന് പറഞ്ഞു, "അവിടെ പോകുക, അവരെ കുതിരകളെക്കൊണ്ട് അതായത് ശത്രുക്കളെ കുതിരകളെക്കൊണ്ട് ചവിട്ടി മെതിച്ചേക്കുക. ഞാൻ താങ്കളെ ഈ സൈന്യത്തിന്റെ അമീറാക്കിയിരിക്കുന്നു."*(ഫതഹുൽബാരി ലി ഇബ്നി ഹജ്ർ വാല്യം 8, പേജ് 192, ഖദീമീ കുതുബു ഖാന മുഖാബിൽ ആരാം ബാഗ് കറാച്ചി)*

മറ്റൊരു നിവേദനത്തിൽ വരുന്നുണ്ട്, നബിﷺതിരുമേനി പറഞ്ഞു:"ബൽഖാഇനേയും ദാറൂമിനേയും കുതിരകളെക്കൊണ്ട് ചവിട്ടി മെതിച്ചിടുക." ബൽഖാ ശാംദേശത്തെ ഒരു പ്രദേശമാണ്. അത് ദിമിശ്ഖിന്റേയും വാദിയുൽഖുറായുടേയും ഇടയ്ക്കാണുള്ളത്.

മിസ്റിൽ അതായത് ഈജിപ്തിലേക്കു പോകുമ്പോൾ ഫലസ്തീനിൽ ഗസ്സയ്ക്കുശേഷമുള്ള ഒരു സ്ഥലമാണിത്. ശാം ദേശത്ത് പോകാൻ കല്പന നല്കിക്കൊണ്ടു പറഞ്ഞു: "പിന്നീട് നേരം വെളുത്തുടനെ അഹ്ലെ ഉബ്നയുടെമേൽ ആക്രമണം നടത്തുക." ഉബ്ന ശാംദേശത്ത് ബൽഖായുടെ ഭാഗത്തുള്ള ഒരു സ്ഥലമാണ്. പറഞ്ഞു: "അവർക്ക് അറിയിപ്പു ലഭിക്കുന്നതിനുമുമ്പേ അവിടെ എത്താൻ അതിവേഗം യാത്രയാകുക. അല്ലാഹു നിങ്ങൾക്ക് വിജയം പ്രദാനം ചെയ്താൽ അവിടെയുള്ള താമസം ചെറുതാക്കണം. വഴികാണിക്കുന്നയാളെ കൂടെ കൊണ്ടുപോകണം. വിവരം നല്കുന്നവരേയും ചാരന്മാരേയും നിങ്ങളുടെ മുമ്പേ അയക്കുക." നബിﷺതിരുമേനി ഹദ്റത്ത് ഉസാമയ്ക്ക്ؓസ്വന്തം കൈകൊണ്ട് ഒരു പതാക കെട്ടിക്കൊടുത്തുകൊണ്ടു പറഞ്ഞു:

"അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ മാർഗത്തിൽ ജിഹാദു ചെയ്യുക, അല്ലാഹുവിനെ നിഷേധിച്ചവരുമായി യുദ്ധം ചെയ്യുക, വഞ്ചന കാണിക്കരുത്. കുട്ടികളെയും സ്ത്രീകളെയും കൊല്ലരുത്, കൂടാതെ ശത്രുവുമായി ഏറ്റുമുട്ടാനുള്ള താൽപ്പര്യം കാണിക്കരുത്. (ഈ വാക്യം ശത്രുവിന്റെ ഭീഷണിയുമായി ഏറ്റുമുട്ടുന്നതിലേക്ക് വിരൽ ചൂണ്ടുന്നു. ശത്രു ആക്രമിക്കുകയാണെങ്കിൽ യുദ്ധം ചെയ്യേണ്ടതാണ്. എന്നാൽ, നിങ്ങൾ സ്വയം ഏറ്റുമുട്ടാനാഗ്രഹിക്കരുത്.)

ഈ വാക്യവും ശത്രുക്കളുടെ ആക്രമണത്തിലേക്ക് സൂചനനല്കുന്നു. ശത്രു ആക്രമിച്ചാൽ ആക്രമിക്കണം. പക്ഷേ,നിങ്ങൾ ശത്രുവുമായി യുദ്ധം ചെയ്യാനാഗ്രഹിക്കരുത്. അതിനാൽ പറഞ്ഞു: 'നിങ്ങൾക്ക് അറിയില്ലെന്നത് ശരിതന്നെ. ഒരുപക്ഷേ, നിങ്ങൾ അതിലൂടെ പരീക്ഷിക്കപ്പെടും. എന്നാൽ, നിങ്ങൾ ഇപ്രകാരം പറയുക: "അല്ലാഹുവേ, നീ ആഗ്രഹിക്കുന്നതുപോലെ, നീ ഞങ്ങൾക്ക് ഇവരുടെ കാര്യത്തിൽ മതിയായവനാകേണമേ, ഇവരുടെ യുദ്ധത്തെ ഞങ്ങളിൽ നിന്ന് നീ അകറ്റേണമേ."

യുദ്ധം ആവശ്യമില്ലെങ്കിൽ ഒഴിവാക്കാനാണ് ഈ പ്രാർഥന പഠിപ്പിച്ചത്.

"ഇനി അവർ നിങ്ങളുമായി ഏറ്റുമുട്ടുകയാണെങ്കിലും-എന്നിട്ടും യുദ്ധം സംഭവിക്കുകയാണെങ്കിൽ-അവർ ഒരുമിച്ചു കൂടുകയും ബഹളമുണ്ടാക്കുകയും ചെയ്താൽ, നിങ്ങൾക്ക് ഗാംഭീര്യവും മൗനവും നിർബന്ധമാണ്. പിന്നെ മൗനത്തോടെയും ഗാംഭീര്യത്തോടെയും യുദ്ധം ചെയ്യുക, നിങ്ങൾ തമ്മിൽ കലഹിക്കരുത്, അങ്ങനെയായാൽ, നിങ്ങൾ ഭീരുക്കളായി മാറും, മറ്റുള്ളവരുടെമേലുള്ള നിങ്ങളുടെ ആദരയുക്തമായഭയവും പ്രതാപവും നഷ്ടപ്പെടും. നിങ്ങളിൽ ഐക്യം സ്ഥാപിക്കുക, നിങ്ങൾ പറയുക: 'അല്ലാഹുവേ, ഞങ്ങൾ നിന്റെ അടിമകളാണ്, അവരും നിന്റെ അടിമകളാണ്. ഞങ്ങളുടെ നെറ്റിത്തടങ്ങളും അവരുടെ നെറ്റിത്തടങ്ങളും നിന്റെ ശക്തിയുടെ പിടിയിലാണ്, നീ മാത്രമാണ് ഇവർക്കെതിരിൽ ഞങ്ങൾക്ക് മതിയായവൻ. നിങ്ങൾ അറിയുക, സ്വർഗം വാളുകളുടെ തണലിലാണ്.

ഹദ്റത്ത് ഉസാമ, നബിﷺതിരുമേനി കെട്ടിക്കൊടുത്ത പതാകയുമായി പുറപ്പെട്ടു. അത് ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബിനെ ഏൽപ്പിച്ചു. ജുറുഫ് എന്ന സ്ഥലത്ത് സൈന്യത്തെ സംഘടിപ്പിച്ചു. ജുറുഫ് മദീനയിൽനിന്ന് മൂന്നു മൈൽ വടക്കുഭാഗത്തുള്ള ഒരു സ്ഥലമാണ്. മുഹാജിരീനിലും അൻസ്വാറിലുംപെട്ട ആദരണീയരായ ഒരു വ്യക്തിയും ബാക്കിയായില്ല; അവരെ ഈ യുദ്ധത്തിനുവേണ്ടി വിളിക്കപ്പെട്ടിട്ടല്ലാതെ. അവരിൽ ഹദ്റത്ത് അബൂബക്ർؓഹദ്റത്ത് ഉമർؓ, ഹദ്റത്ത് അബൂഉബയ്ദാ ബിൻ ജർറാഹ്ؓഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്ؓ, ഹദ്റത്ത് സയീദ് ബിൻ സയ്ദ്ؓ, ഹദ്റത്ത് ഖത്താദത്ത് ബിൻ നുഅ്മാൻؓ, ഹദ്റത്ത് സലമ ബിൻ അസ്ലംؓഎന്നിവർ ഉൾപ്പെട്ടിരുന്നു. അവരെയെല്ലാം ഹദ്റത്ത് ഉസാമ ബിൻ സയ്ദിന്റെ കീഴിലാക്കി. കുറച്ചാളുകൾ സംസാരിക്കാൻ തുടങ്ങി. അവ്വലീനായിട്ടുള്ള മുഹാജിരീങ്ങളുടെമേൽ ഈ കുട്ടിയെയാണ് അമീറാക്കിയിട്ടുള്ളത്. നബിﷺതിരുമേനി ഇക്കാര്യം അറിഞ്ഞു. അവിടന്ന് വളരെ നീരസപ്പെട്ടു. നബിﷺതിരുമേനി തന്റെ തല ഒരു ഉറുമാൽ കൊണ്ട് കെട്ടിയിരുന്നു. അവിടന്ന് മിമ്പറിൽക്കയറി. അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു:

'ഓ ജനങ്ങളേ, ഉസാമയെ അമീറാക്കിയതിനെക്കുറിച്ച് നിങ്ങളിൽ ചിലർ സംസാരിച്ചത് എന്റെ അടുക്കലെത്തിയിരിക്കുന്നു. ഉസാമയെ അമീറാക്കിയതിന് നിങ്ങൾ ആക്ഷേപം ഉന്നയിച്ചുവെങ്കിൽ ഇതിന് മുമ്പേ അവന്റെ പിതാവിനെ ഞാൻ അമീറാക്കിയപ്പോഴും നിങ്ങൾ ആക്ഷേപം ഉന്നയിച്ചിരുന്നു. അല്ലാഹുവാണെ സത്യം! അദ്ദേഹവും നേതൃത്വത്തിന് യോഗ്യനായിരുന്നു, അതിനുശേഷം അദ്ദേഹത്തിന്റെ മകനും നേതൃത്വത്തിന് യോഗ്യനാണ്. എനിക്കേറ്റവും പ്രിയപ്പെട്ട ആളുകളിൽ ഒരാളായിരുന്നു അദ്ദേഹം. നിശ്ചയമായും ഇവർ രണ്ടുപേരിൽനിന്നും എല്ലാത്തരം നന്മയും ഭംഗിയും പ്രതീക്ഷിക്കാവുന്നതാണ്. അതിനാൽ നിങ്ങൾ ഈ ഉസാമയുടെ നന്മ മനസ്സിലാക്കുക, കാരണം അവൻ നിങ്ങളിൽ ഏറ്റവും ഉത്തമരിൽപ്പെട്ടവനാണ്.

ഹദ്റത്ത് ഉസാമയുടെ കൂടെ യാത്രയാവുകയായിരുന്ന മുസ്ലിമീങ്ങൾ നബിﷺ തിരുമേനിയോട് വിടചൊല്ലി ജുർഫിൽ വെച്ച് സൈന്യത്തിൽ ചേരാൻ പോകുകയായിരുന്നു. നബിﷺ തിരുമേനിയുടെ രോഗം മൂർച്ഛിച്ചു, എന്നിട്ടും അവിടന്ന് താക്കീതു നല്കിക്കൊണ്ടിരുന്നു: 'ഉസാമയുടെ സൈന്യത്തെ അയക്കുക, അത് ഏതുസാഹചര്യത്തിലും പോകുന്നതായിരിക്കും." ഞായറാഴ്ച നബിﷺതിരുമേനിയ്ക്ക് വേദനയുടെ കാഠിന്യം വർദ്ധിച്ചു. ഹദ്റത്ത് ഉസാമؓസൈന്യത്തിൽനിന്ന് തിരിച്ചു വന്നപ്പോൾ, അവിടന്ന് ബോധരഹിതനായിരുന്നു. (രോഗം) വർദ്ധിച്ചപ്പോൾ അദ്ദേഹത്തിന് വിവരം ലഭിച്ചു, അപ്പോൾ അദ്ദേഹം തിരിച്ചു വന്നതാണ്. ആ ദിവസം ആളുകൾ നബിﷺ തിരുമേനിയെ മരുന്ന് കുടിപ്പിച്ചു. ഹദ്റത്ത് ഉസാമؓതലകുനിച്ച് അല്ലാഹുവിന്റെ റസൂലിനെ മുത്തി. നബിﷺതിരുമേനിക്ക് സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, അവിടന്ന് തന്റെ ഇരുകൈകളും ആകാശത്തേക്ക് ഉയർത്തുകയും ഹദ്റത്ത് ഉസാമയുടെ തലയിൽ വെക്കുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ഉസാമ ؓ പറയുന്നു: 'അവിടന്ന് എനിക്കുവേണ്ടി പ്രാർഥിക്കുകയാണെന്ന് ഞാൻ മനസ്സിലാക്കി.'

ഹദ്റത്ത് ഉസാമؓസൈന്യത്തിലേക്ക് തിരിച്ചുപോയി. തിങ്കളാഴ്ച ഹദ്റത്ത് ഉസാമ ؓവീണ്ടും നബിﷺതിരുമേനിയുടെ അടുക്കൽ വന്നപ്പോൾ, അങ്ങയുടെ രോഗം അൽപം ശമിച്ചിരുന്നു. അവിടന്ന് ഉസാമയോട് പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നീ യാത്രയാകുക." ഹദ്റത്ത് ഉസാമؓ, നബിﷺതിരുമേനിയോടു വിടചൊല്ലി തന്റെ സൈന്യത്തിൽ പോകുകയും ആളുകളോടു യാത്ര തുടങ്ങാൻ കല്പ്പിക്കുകയും ചെയ്തു. അവിടന്ന് യാത്ര പുറപ്പെടാൻ ഉദ്ദേശിച്ചതേയുള്ളൂ, അപ്പോഴാണ് അദ്ദേഹത്തിന്റെ മാതാവ് - അതായത് ഹദ്റത്ത് ഉമ്മു അയ്മൻؓ- ഒരു വ്യക്തിയെ സന്ദേശവുമായി അയച്ചത്: 'നബിﷺതിരുമേനിയുടെ അന്ത്യസമയം അടുത്തിരിക്കുന്നു.' ഇതുകേട്ട് ഹദ്റത്ത് ഉസാമؓ, നബിﷺതിരു

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."**

**അനന്തരാവകാശികൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.**

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ തഉദ് ഫീ സ്വദഖത്തിക്ക."**

**നല്കിയ ധനം തിരിച്ചു വാങ്ങരുത്.**

ത്വാലിബെ ദുആ

**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

മേനിയുടെ അടുക്കൽ ഹാജരായി. ഹദ്റത്ത് ഉമറുംﷺഹദ്റത്ത് അബൂ ഉബയ്ദയുംﷺ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അവിടന്ന് മരണാസന്നാവസ്ഥയിലായിരുന്നു. കുറച്ചു സമയത്തിനുശേഷം അവിടന്ന് വഫാത്തായി, അതുകാരണം മുസ്‌ലിം സൈന്യം ജുർഫ് എന്ന സ്ഥലത്തുനിന്ന് മദീനയിൽ തിരിച്ചെത്തി. ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബ്ﷺ ഹദ്റത്ത് ഉസാമയുടെ പതാക കൊണ്ടുവന്ന് നബിﷺതിരുമേനിയുടെ വാതിൽക്കൽ നാട്ടി. ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഉസാമയുടെ സൈന്യം ദൂഖുശുബിൽ ആയിരുന്നപ്പോൾ നബിﷺതിരുമേനി വഫാത്തായിരുന്നു.

ദൂ ഖുശുബും മദീനയിൽനിന്ന് ഒരു രാത്രിയുടെ ദൂരത്തിൽ ശാമിന്റെ വഴിയിലുള്ള ഒരു താഴ്‌വരയാണ്. ഏതായാലും ഇവർ തിരിച്ചുവന്നു.

നബിﷺതിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്ർﷺബയ്അത്ത് സ്വീകരിച്ചപ്പോൾ, ഹദ്റത്ത് അബൂബക്ർﷺഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബിനോട് കൽപ്പിച്ചു: പതാക എടുത്തുകൊണ്ട് ഉസാമയുടെ വീട്ടിൽ പോകുക, അദ്ദേഹം തന്റെ ദൗത്യത്തിന് യാത്രയാവട്ടെ. ഹദ്റത്ത് ബുറയ്ദﷺപതാക സൈന്യത്തിന്റെ ആദ്യത്തെ സ്ഥലത്ത് തിരികെ കൊണ്ടുവന്നു.*(താരീഖ് അത്ത്വബരി വാല്യം 2, പേജ് 224, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2012)(അത്ത്വബഖാത്തുൽ കുബ്റാ ലിബ്നി സഅ്ദ് വാല്യം 2, പേജ് 146-147,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2012)(സുബുലുൽഹുദാ വർറശാദ് വാല്യം 6, പേജ് 248, ദാറുൽകുതുബുൽ ഇൽമിയ്യ 1993)(അൽബദായ വന്നിഹായ വാല്യം 3, ഭാഗം 6, പേജ് 302, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)(മുഅ്ജമുൽ ബുൽദാൻ, വാല്യം 1, പേജ് 101, 579-580 ദാറുൽകുതുബുൽ ഇൽമിയ്യ) (ഫർഹങ്കെ സീറത്ത് പേജ് 87, 114, 119 സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

ഈ സൈന്യത്തിന്റെ അംഗബലം മൂവായിരമായിരുന്നുവെന്ന് പറയപ്പെടുന്നു. അതിൽ ആയിരം അശ്വഭടന്മാരായിരുന്നു. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉസാമ ബിൻ സയ്ദിനെ എഴുന്നൂറ് പേരോടൊപ്പം ശാമിലേക്ക് അയച്ചു. ഒരു നിവേദനത്തിൽ വരുന്നു: നബിﷺതിരുമേനിയുടെ വഫാത്തിന്റെ രണ്ടാം ദിവസം ഹദ്റത്ത് അബൂബക്ർﷺ വിളംബരം ചെയ്തു: 'ഉസാമയുടെ ദൗത്യം പൂർണതയിലെത്തും. ഉസാമയുടെ സൈന്യത്തിൽ നിന്ന് ഒരൊറ്റ വ്യക്തിയും മദീനയിൽ ബാക്കിയാകരുത്, അവരെല്ലാവരും ജുർഫിലെ സൈന്യത്തിൽ പോയിച്ചേരേണ്ടതാണ്." *(താരീഖ് അത്ത്വബ്‌രി വാല്യം 2, പേജ് 244, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2012)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺവിവരിക്കുന്നു: "റസൂൽകരീംﷺവഫാത്തായപ്പോൾ അറബ് രാജ്യം മുഴുവൻ മുർത്തദ്ദായി. അഥവാ മതപരിത്യാഗികളായി. ഹദ്റത്ത് ഉമറിനെയും ഹദ്റത്ത് അലിയെയും(റളിയല്ലാഹു ഹുമാ) പോലുള്ള ധീരരായ ആളുകൾ പ്പോലും ഈ പരീക്ഷണഘട്ടത്തിൽ ഭയന്നുപോയി. റസൂൽകരീംﷺതന്റെ വഫാത്തിനോടടുത്ത് റോമൻ പ്രദേശത്ത് ആക്രമണം നടത്താൻ ഒരു സൈന്യത്തെ സംഘടിപ്പിച്ചിരുന്നു. അതിന്റെ അധിപനായി ഹദ്റത്ത് ഉസാമയെയാണ് നിയമിച്ചിരുന്നത്. ഈ സൈന്യം യാത്രയാകുമ്പോഴേക്കും നബിﷺതിരുമേനി വഫാത്തായി. അവിടന്ന് വഫാത്തായശേഷം അറബ് മുർത്തദ്ദായപ്പോൾ സ്വഹാബികൾ ചിന്തിച്ചു: ഇങ്ങനെയുള്ള ഒരു കലാപത്തിന്റെ നേരത്ത് ഉസാമയുടെ സൈന്യത്തെ ഇപ്പോൾ റോമൻ പ്രദേശത്ത് ആക്രമണത്തിനയച്ചാൽ, മദീനയിൽ വൃദ്ധരായ പുരുഷന്മാരും കുട്ടികളും സ്ത്രീകളും മാത്രം ബാക്കിയാകും, മദീനയുടെ സംരക്ഷണത്തിന് ഒരു സംവിധാനവുമുണ്ടാകുകയില്ല. അതുകൊണ്ട് പ്രധാനപ്പെട്ട സ്വഹാബികളുടെ ഒരു പ്രതിനിധി സംഘം ഹദ്റത്ത് അബൂബക്ർﷺന്റെ അടുക്കൽ പോകുകയും ഈ കലാപം കെട്ടടങ്ങുന്നതുവരെ സൈന്യത്തെ തടഞ്ഞുനിറുത്താൻ അപേക്ഷിക്കുകയും ചെയ്യണമെന്ന നിർദേശം അവർ മുന്നോട്ടു വെക്കുകയും ചെയ്തു. അങ്ങനെ ഹദ്റത്ത് ഉമറുംﷺ മറ്റു ഉന്നതരായ സ്വഹാബിമാരും നബിﷺതിരുമേനിയുടെ അടുത്ത് ഹാജരായി, കലാപം അവസാനിക്കുന്നതുവരെ സൈന്യത്തെ തടഞ്ഞുവെക്കാൻ അപേക്ഷിച്ചു.

ഹദ്റത്ത് അബൂബക്ർﷺ ഇക്കാര്യം കേട്ടുടനെ കോപത്തോടെ ആ പ്രതിനിധി സംഘത്തിനു മറുപടി നല്കി: 'നബിﷺതിരുമേനിയുടെ വഫാത്തിനുശേഷം അബൂഖുഹാഫയുടെ മകൻ അതായത് ഹദ്റത്ത് അബൂബക്ർ ചെയ്യേണ്ടുന്ന ഏറ്റവും ആദ്യത്തെ ജോലി ഏതൊരു സൈന്യത്തെയാണോ നബിﷺതിരുമേനി അയക്കാൻ കൽപ്പിച്ചത് ആ സൈന്യത്തെ തടയുക എന്നതാണോ? അല്ലാഹുവാണെ സത്യം! ശത്രുസൈന്യം മദീനയിലേക്ക് കടന്നു കയറുകയും നായ്ക്കൾ മുസ്‌ലിം സ്ത്രീകളുടെ മൃതദേഹങ്ങൾ വലിച്ചിഴച്ച് നടക്കുകയും ചെയ്താൽപ്പോലും, നബിﷺതിരുമേനി അയക്കാൻ തീരുമാനിച്ച സൈന്യത്തെ ഞാൻ തടയുകയില്ല.'

ഈ ധൈര്യവും ധീരതയും ഹദ്റത്ത് അബൂബക്റിൽﷺഉണ്ടായതിനു കാരണം, അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: മുഹമ്മദുർറസൂലുല്ലാഹ്, വല്ലദീന മഅഹു അശിദ്ദാഉ അലൽ കുഫ്ഫാരി (മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ്, അദ്ദേഹത്തിന്റെ കൂടെയുള്ളവർ കാഫിറുകളോടു കഠിനമായി പെരുമാറുന്നവരാണ്). വൈദ്യുതിയുമായി ഒരു സാധാരണ കമ്പി ചേരുമ്പോൾ അതിൽ വലിയ ശക്തി ഉണ്ടാകുന്നതുപോലെ, മുഹമ്മദ് റസൂലുല്ലാഹിﷺയോടുള്ള ബന്ധത്തിന്റെ ഫലമായി, അദ്ദേഹത്തിൽ വിശ്വസിക്കുന്നവരും അശിദ്ദാഉ അലൽ കുഫ്ഫാറിന്റെ (കാഫിറുകളോടു കഠിനമായി പെരുമാറുന്നവരുടെ) മാതൃക ആയിത്തീർന്നു."*(സയ്റെ റൂഹാനി(6), അൻവാറുൽ ഉലൂം, വാല്യം 22, പേജ് 593-594)*

ഹദ്റത്ത് മസീഹ് മൗഊദ്ﷺഉസാമയുടെ സൈന്യത്തിന്റെ പുറപ്പെടലിനെ സംബന്ധിച്ച് തന്റെ ഗ്രന്ഥമായ സിർറുൽ ഖിലാഫയിൽ വിവരിക്കുന്നു: "ഇബ്നു അഥീർ തന്റെ ചരിത്രകൃതിയിൽ എഴുതിയിരിക്കുന്നു: 'നബിﷺതിരുമേനിയുടെ വഫാത്ത് സംഭവിക്കുകയും അവിടത്തെ മരണവാർത്ത മക്കയിലും അവിടത്തെ ഗവർണർ അത്താബ് ബിൻ ഉസയ്ദിന്റെ അടുക്കലുമെത്തിയപ്പോൾ, അത്താബ് ഒളിച്ചു; മക്ക പ്രകമ്പനം കൊണ്ടു, അവിടുത്തെ നിവാസികൾ മുർത്തദ്ദാകുമെന്ന പ്രതീതി ഉളവായി. അദ്ദേഹം തുടർന്നെഴുതി: അറബികൾ മുർത്തദ്ദായി, ഓരോ ഗോത്രത്തിലെയും സാധാരണക്കാരും വിശിഷ്ടജനങ്ങളും മുർത്തദ്ദായി. കപടവിശ്വാസം(നിഫാഖ്)പ്രകടമായി. ജൂതന്മാരും ക്രിസ്ത്യാനികളും തലപൊക്കാൻ തുടങ്ങി (അതായത്, മുസ്‌ലിമീങ്ങൾ ദുർബലരായി, ഇനി തങ്ങൾക്ക് ആക്രമിക്കാമല്ലോ എന്ന് അവർ വിലയിരുത്തി). മുസ്‌ലിമീങ്ങളുടെ അവസ്ഥ, തങ്ങളുടെ പ്രവാചകൻﷺന്റെ വിയോഗം കാരണം, തങ്ങൾ ന്യൂനപക്ഷവും ശത്രുക്കൾ ഭൂരിപക്ഷവുമായതിനാലും, മഴയുള്ള രാത്രിയിലെ ആടുകളെ പോലെയായി. (അതായത്, നനഞ്ഞുകുളിച്ച് ചലിക്കാൻ പോലും സാധിക്കാത്ത നിസ്സഹായാവസ്ഥ). അപ്പോൾ ആളുകൾ ഹദ്റത്ത് അബൂബക്റിനോടുﷺ പറഞ്ഞു: 'ഈ ആളുകൾ ഉസാമയുടെ സൈന്യത്തെ മാത്രമാണ് മുസ്‌ലിമീങ്ങളുടെ സൈന്യമായി കാണുന്നത്, അങ്ങ് കാണുന്നതുപോലെ അറബികൾ അങ്ങയോടു കലാപം ചെയ്തിരിക്കുന്നു. അതിനാൽ മുസ്‌ലിമീങ്ങളുടെ ഈ സംഘത്തെ അങ്ങ് വേർതിരിക്കുന്നത് ഉചിതമല്ല.' അപ്പോൾ ഹദ്റത്ത് അബൂബക്ർﷺപറഞ്ഞു: "എന്റെ ജീവൻ ആരുടെ കൈയിലാണോ, ആ അല്ലാഹുവിനെക്കൊണ്ടു സത്യം! വന്യമൃഗങ്ങൾ എന്നെ റാഞ്ചിക്കൊണ്ടുപോകുമെന്ന് എനിക്കുറപ്പായാൽപ്പോലും, ഞാൻ നബിﷺതിരുമേനിയുടെ കല്പ്പനയനുസരിച്ച് ഉസാമയുടെ സൈന്യത്തെ തീർച്ചയായും അയക്കും. നബിﷺതിരുമേനി എടുത്ത തീരുമാനത്തെ റദ്ദുചെയ്യാൻ എനിക്കു കഴിയില്ല.' *(സിർറുൽഖിലാഫ റൂഹാനീ ഖസാഇൻ വാല്യം 8 പേജ് 394, അടിക്കുറിപ്പ്, ഉർദു തർജമ സിർറുൽ ഖിലാഫ പേജ് 188-189, പ്രസാധകർനള്ളാറത്ത് ഇശാഅത്ത് റബ്‌വ)*


• ഹദീഥുന്നബ്‌വിﷺ •

"സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ചുരുക്കത്തിൽ, അദ്ദേഹം നബിﷺതിരുമേനിയുടെ കല്പ്പനയെ അതിന്റെ യഥാർഥ നിലയിൽ നിലനിറുത്തുകയും നടപ്പിലാക്കുകയും ചെയ്തു. ഉസാമയുടെ സൈന്യത്തിൽ ഉൾപ്പെട്ടിരുന്ന സ്വഹാബാക്കളോടു തിരികെ സൈന്യത്തിൽ ചേരാൻ നിർദേശിച്ചു.

അവിടന്ന് പറഞ്ഞു: ഉസാമയുടെ സൈന്യത്തിൽ മുമ്പേ ചേർന്നവരും, അതിൽ ചേരാൻ നബിﷺതിരുമേനി നിർദ്ദേശിച്ചവരുമായ ഒരു വ്യക്തിയും പിന്മാറരുത്. പിന്നോട്ടു പോകാൻ ഞാൻ ഒരാളെയും അനുവദിക്കുകയുമില്ല. അത് ഇനി കാൽനടയായി പോകേണ്ടി വന്നാലും തീർച്ചയായും പോയിരിക്കും. അങ്ങനെ ഒരൊറ്റ വ്യക്തി പോലും പിന്നോട്ടടിച്ചില്ല (എല്ലാവരും യാത്രയായി) (ശറഹുൽഅലാമത്തുസ്സർഖാനീ അലൽമവാഹിബല്ലദുന്നിയ വാള്യം 4, പേജ് 155, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)

എന്തായാലും, ഹദ്റത്ത് അബൂബക്ർؓഈ സൈന്യത്തെ അയച്ചതിനെക്കുറിച്ച് എഴുതിയിരിക്കുന്നു: 'ഹദ്റത്ത് അബൂബക്റിന്റെؓകല്പ്പനയനുസരിച്ച് ഉസാമയുടെ സൈന്യം ജുർഫ് എന്ന സ്ഥലത്ത് സംഘടിച്ചപ്പോൾ, ഹദ്റത്ത് അബൂബക്ർؓനേരിട്ട് അവിടെ ചെല്ലുകയും സൈന്യത്തെ പരിശോധിക്കുകയും ക്രമീകരിക്കുകയും ചെയ്തു. ഈ വിഷയത്തിൽ ഇതും പറയപ്പെടുന്നു: ഹദ്റത്ത് അബൂബക്ർؓഹദ്റത്ത് ഉസാമയോടു പറഞ്ഞു: 'താങ്കൾ ഉചിതമെന്ന് കരുതുന്നുവെങ്കിൽ, ഹദ്റത്ത് ഉമറിനെ എന്റെ കാര്യങ്ങളിൽ സഹായത്തിന് വിട്ടുനല്കുക. കാരണം ഹദ്റത്ത് ഉമറും സൈന്യത്തിൽ ഉൾപ്പെട്ടിരുന്നു. അതിന് ഹദ്റത്ത് ഉസാമؓഅനുമതി നല്കി. *(താരീഖ് അത്ത്വബ്രി, വാള്യം 2, പേജ് 246, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

ഈ സംഭവത്തിനുശേഷം ഹദ്റത്ത് ഉമർؓ, ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷവും, ഹദ്റത്ത് ഉസാമയെؓകാണുമ്പോൾ, അദ്ദേഹത്തെ വിളിച്ചിരുന്നത്: അസ്സലാമു അലയ്ക്ക അയ്യുഹൽ അമീർ (ഓ അമീറേ, താങ്കൾക്ക് സമാധാനം) എന്നാണ്. അതിന് മറുപടിയായി ഉസാമؓ ഗഫറല്ലാഹു ലക്ക (അല്ലാഹു താങ്കൾക്ക് പൊറുത്തുതരട്ടെ) എന്നും പറയുമായിരുന്നു.

ഹദ്റത്ത് അബൂബക്ർؓഉപദേശമായി ഹദ്റത്ത് ഉസാമയോടു ഇതും പറഞ്ഞു: "റസൂലുല്ലാഹിﷺഅങ്ങയോടു ചെയ്യാൻ കല്പ്പിച്ചതെല്ലാം ചെയ്യുക. റസൂലുല്ലാഹി ﷺ യുടെ കല്പ്പനകൾ നടപ്പിലാക്കുന്നതിൽ ഒരു വീഴ്ചയും വരുത്തരുത്."(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 199-200 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2006)(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 294, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002) (താരീഖ് അത്ത്വബ്രി, വാള്യം 2, പേജ് 246, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)

യുദ്ധത്തിന്റെ വിശദീകരണങ്ങൾ മുമ്പേ വിവരിച്ചതിനാൽ ഞാൻ അത് ഒഴിവാക്കുകയാണ്. ഈ സൈന്യം നബിﷺതിരുമേനി പ്രവചിച്ചതുപോലെ വിജയശ്രീലാളിതരായി തിരിച്ചുവന്നു. ശത്രു ഒന്നുകിൽ വധിക്കപ്പെട്ടു അല്ലെങ്കിൽ ബന്ദിയാക്കപ്പെട്ടു. ഈ യുദ്ധത്തിൽ ഒരു മുസ്‌ലിമിനും ജീവാപായം സംഭവിച്ചില്ല. നിവേദനമനുസരിച്ച്, ഈ സൈന്യം നാൽപതുമുതൽ എഴുപതുദിവസം വരെ പുറത്ത് താമസിച്ചശേഷം മദീനയിൽ തിരിച്ചെത്തി.

നബിﷺതിരുമേനിയോടു ഹദ്റത്ത് അബൂബക്റിനുണ്ടായിരുന്ന സ്നേഹം എത്ര വലുതായിരുന്നുവെന്ന് നോക്കൂ: 'ഉസാമയുടെ പതാക നബിﷺതിരുമേനി സ്വന്തം കൈകൊണ്ടാണ് കെട്ടിയത്. ഹദ്റത്ത് അബൂബക്ർؓപറഞ്ഞു: നബിﷺതിരുമേനി തന്റെ കൈകൊണ്ട് കെട്ടിയ പതാകയുടെ കെട്ട്, അബൂ ഖുഹാഫയുടെ മകൻ എങ്ങനെ അഴിച്ചുമാറ്റും?' അതിനാൽ, ഉസാമയുടെ സൈന്യം തിരിച്ചുവന്ന സമയത്തും ആ പതാകയുടെ കെട്ട് അഴിച്ചില്ല, അത് ഹദ്റത്ത് ഉസാമؓവഫാത്താകുവോളം അദ്ദേഹത്തിന്റെ വീട്ടിൽ അങ്ങനെതന്നെ ഉണ്ടായിരുന്നു.*(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 200, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ 2006) (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 2 പേജ് 147, സരിയ്യ ഉസാമ ബിൻ സയ്ദ്, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2012) (അൽ മസീറത്തുൽ ഇസ്‌ലാമിയ്യ ലി ജീലുൽ ഖിലാഫത്തിർറാശിദ അൽമജിൽദുൽഅവ്വൽ അബൂ ബക്ർ സിദ്ദീഖ്, താലീഫ് മുനീർ മുഹമ്മദ് അൽഗള്ബാൻ പേജ് 34-35, ദാറുസ്സലാം 2015)*

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്

ഇതോടെ ഈ യുദ്ധങ്ങളുടെ വിവരണം അവസാനിച്ചു. ഇൻശാ അല്ലാഹ്, ഇനി സീറത്തിന്റെ(നബിചരിതം)മറ്റു ചില വശങ്ങൾ നോക്കേണ്ടതുണ്ട്, അത് നോക്കാം.

ഈ സമയത്ത് ഞാൻ രണ്ടു പരേതാത്മാക്കളെ അനുസ്മരിക്കാനാഗ്രഹിക്കുന്നു. ഇൻശാ അല്ലാഹ് നമസ്ക്കാരാനന്തരം അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്.

അസീസ് റഹ്മാൻ ഖാലിദ് സാഹിബ്: ജമാഅത്തിന്റെ മുറബ്ബിയായിരുന്നു ഇദ്ദേഹം. കഴിഞ്ഞ ദിവസം 79-ാം വയസ്സിൽ അമേരിക്കയിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂമിന്റെ മാതാമഹൻ ഹദ്റത്ത് മിയാൻ രങ്അലി സാഹിബ്ؓഹദ്റത്ത് മസീഹ് മൗഊദ് ﷺ ന്റെ സ്വഹാബിയായിരുന്നു. അസീസുർറഹ്മാൻ ഖാലിദ് സാഹിബിന്റെ ജാമിഅയിൽ പ്രവേശനം ലഭിച്ച സംഭവം ഇപ്രകാരമാണ്: അദ്ദേഹം പറയുന്നു: "ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ, ഒരു ദിവസം തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിലെ അസംബ്ലിയിൽ ഹദ്റത്ത് മൗലാനാ ഖാളി മുഹമ്മദ് നദീർ സാഹിബ് ؓ വരുകയും ജീവിതം സമർപ്പിക്കേണ്ടതിന്റെ (വഖ്ഫെ സിന്ദഗി) ആവശ്യകതയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും പ്രഭാഷണം നടത്തുകയും ചെയ്തു. ഈ പ്രഭാഷണം പല വിദ്യാർഥികളിലും വലിയ സ്വാധീനമുളവാക്കി. പ്രഭാഷണം അവസാനിച്ചപ്പോൾ, മർഹൂമിൽ ജീവിതം സമർപ്പിക്കാനുള്ള ആവേശം ഉണർന്നു. അദ്ദേഹം നേരെ ജാമിഅയിൽ പോയി. അവിടെ ഒരു ചെറിയ അഭിമുഖത്തിനു ശേഷം 1960-ൽ അദ്ദേഹത്തിന് ജാമിഅയിൽ പ്രവേശനം ലഭിച്ചു, 1969-ൽ അദ്ദേഹം ജാമിഅയിൽ നിന്ന് ശാഹിദ് ബിരുദം നേടി.

ജാമിഅ പൂർത്തിയാക്കുന്നതിന് ഒമ്പതുവർഷമാണെടുത്തത്, അദ്ദേഹത്തിന് ഒരു ട്രെയിൻ അപകടം സംഭവിച്ചിരുന്നു. അതിൽ അദ്ദേഹത്തിന് ഗുരുതരമായി പരിക്കേൽക്കുകയും രണ്ടു വർഷം നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും, അദ്ദേഹം ധൈര്യം കൈവെടിഞ്ഞില്ല, അദ്ദേഹത്തിന്റെ ജീവിതം രക്ഷപ്പെട്ടു. ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) ന്റെ പ്രാർഥനകൾ കാരണമാണ് തന്റെ ജീവൻ രക്ഷപ്പെട്ടതെന്ന് അദ്ദേഹം പറയുമായിരുന്നു.

മുബല്ലിഗ് ആയതിനുശേഷം അദ്ദേഹം സിയറ ലിയോൺ, നൈജീരിയ, ഘാന, ടാൻസാനിയ, സൻസിബാർ എന്നിങ്ങനെ വിദേശ രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ചു. പാക്കിസ്താനിൽ പല സ്ഥലങ്ങളിലും മുറബ്ബിയായി സേവനം ചെയ്തു. പിന്നീട് തിരിച്ചുവന്നശേഷം തഹ്‌രീക്കെ ജദീദിൽ വക്കാലത്തെ ഇശാഅത്ത് റബ്വയിൽ സേവനം ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ ദൗഹിത്രൻ ഹംസ ഉബയ്ദുല്ലാഹ്, ജാമിഅ ബിരുദധാരിയായ ഒരു മുറബ്ബിയാണ്. അദ്ദേഹം പറയുന്നു: 'അസീസുർറഹ്മാൻ സാഹിബ് പറയാറുണ്ടായിരുന്നു, 'ആഫ്രിക്കയിൽ ചിലപ്പോൾ ഉപ്പ് വിതറിയ പുഴുങ്ങിയ ചോറ് മാത്രമാണ് കഴിക്കാനുണ്ടായിരുന്നത്. കറികളോ മറ്റു ഭക്ഷണ സാധനങ്ങളോ ലഭിക്കില്ലായിരുന്നു. ചില ദിവസങ്ങളിൽ സാധാരണ ഭക്ഷണം പോലും ലഭിക്കില്ലായിരുന്നു, പുഴുങ്ങിയ ചോറും ഉണ്ടായിരുന്നില്ല. പല ദിവസങ്ങളിലും പട്ടിണി കിടക്കേണ്ടി വന്നിട്ടുണ്ട്. ആദ്യകാല മുറബ്ബിമാരുടെയും മുബല്ലിഗുമാരുടെയും ഈ പ്രവർത്തനങ്ങൾ ഇന്നത്തെമുറബ്ബിമാരും മുബല്ലിഗുമാരും മുന്നിൽ വെക്കേണ്ടതാണ്.

അദ്ദേഹത്തിന്റെ മകൻ അനീ


• ഹദീസുന്നബവിﷺ •
'ഇജ്ത്തനിബു കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
ത്വാലിബെ ദുആ
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവിﷺ •
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

സ് റഹ്മാൻ അൻസ് പറയുന്നു: അദ്ദേഹമൊരിക്കലും ഭക്ഷണം പാഴാക്കാൻ അനുവദിച്ചിരുന്നില്ല. ജൽസയുടെ സമയത്തും പലപ്പോഴും അദ്ദേഹം പ്ലേറ്റിൽ ഭക്ഷണം എടുപ്പിക്കുന്നതിനുപകരം, മേശപ്പുറത്ത് ബാക്കിയായ റൊട്ടിക്കഷണങ്ങൾ എടുത്ത് കഴിക്കുമായിരുന്നു. അദ്ദേഹം പറയുമായിരുന്നു: 'ഹദ്‌റത്ത് മസീഹ് മൗഊദ് ﷺന് ഈ റൊട്ടിക്കഷണങ്ങൾ കഴിക്കാമെങ്കിൽ, നമുക്കെന്തുകൊണ്ട് കഴിച്ചുകൂടാ?' ചെറുപ്പം മുതൽ തന്നെ അദ്ദേഹം തഹജ്ജുദ് നമസ്കരിക്കുന്നയാളായിരുന്നു. സത്സ്വഭാവി, സൗഹൃദമനോഭാവക്കാരൻ, ദയാലു, സദ്‌വൃത്തൻ, കഠിനാധ്വാനി, വിശ്വസ്തൻ എന്നിങ്ങനെയുള്ള ഗുണഗണങ്ങളുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ഖിലാഫത്തുമായി അദ്ദേഹത്തിന് അഗാധമായ അടുപ്പമുണ്ടായിരുന്നു. മർഹൂം വസിയ്യത്ത് ചെയ്ത വ്യക്തിയായിരുന്നു . ഞാൻ ഘാനയിലുണ്ടായിരുന്നപ്പോൾ അദ്ദേഹവും എന്റെകൂടെ ഉണ്ടായിരുന്നു. വളരെ വിശ്വസ്തതയോടെ, കഠിനാധ്വാനത്തോടെ, ലാളിത്യത്തോടെ അദ്ദേഹം പ്രവർത്തിച്ചു. നിസ്വാർഥനായി അദ്ദേഹം സേവനം ചെയ്തു. അദ്ദേഹത്തിന് രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. ധാരാളം പേരക്കുട്ടികളും (പൗത്രന്മാരും പൗത്രികളും, ദൗഹിത്രന്മാരും ദൗഹിത്രികളും)ഉണ്ട്. അല്ലാഹു മർഹൂമിനോട് മർഹമത്തോടും മഗ്ഫിറത്തോടും പെരുമാറുകയും അദ്ദേഹത്തിന്റെ പദവികളുയർത്തുകയും ചെയ്യുമാറാകട്ടെ.

അയ്ദി ഹുമയ്ദി സാഹിബ്: ഇദ്ദേഹം ഇന്തൊനേഷ്യക്കാരനാണ്. നവംബർ 22-ന് ഉംറ ചെയ്യാനുള്ള സൗഭാഗ്യത്തിനുശേഷം അപ്രതീക്ഷിതമായി അസുഖം ബാധിക്കുകയും അതേ രോഗം കാരണം 77-ാം വയസ്സിൽ മദീനാ മുനവ്വറയിൽ വഫാത്താകുകയും ചെയ്തു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ 1930-കളിലാണ് അഹ്മദിയ്യത്ത് വന്നത്. അദ്ദേഹത്തിന്റെ മാതുലൻ മുഹമ്മദ് റഊഫ് സാഹിബ്, ഹദ്‌റത്ത് മൗലാനാ റഹ്മത്തലി സാഹിബ്ؓമുഖേന ബയ്അത്ത് ചെയ്തപ്പോഴാണ് അത് സംഭവിച്ചത്. അതിനുശേഷം അദ്ദേഹത്തിന്റെ മാതാമഹനും മാതാവും ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ ജാമാതാവ് ബസൂകി അഹ്മദ് സാഹിബ് മുറബ്ബിയാണ്. അദ്ദേഹം പറയുന്നു:

'ഇദ്ദേഹത്തിന് രാവും പകലും തബ്‌ലീഗിൽ വലിയ താൽപര്യമായിരുന്നു. തബ്‌ലീഗിന്റെ മാർഗത്തിൽ ജീവൻ നല്കാൻ ആഗ്രഹിച്ചു. ഞങ്ങൾ കണ്ടുമുട്ടുമ്പോഴെല്ലാം തബ്‌ലീഗ് മാത്രമായിരുന്നു അദ്ദേഹത്തിന്റെ വിഷയം. അദ്ദേഹത്തിന്റെ തബ്‌ലീഗ് ശൈലി പല മുബല്ലിഗുമാർക്കും പ്രചോദനമായിരുന്നു. അദ്ദേഹത്തിന്റെ പെൺമക്കളും എഴുതുന്നു: 'അദ്ദേഹം ബാങ്കിനുമുമ്പേ മസ്ജിദിൽ പോകുകയും ദൈവസ്മരണയിൽ (ദിക്റെ ഇലാഹി) മുഴുകുകയും സമയം ചെലവഴിക്കുകയും ചെയ്യുമായിരുന്നു. ദിവസവും ഖുർആൻ പാരായണം ചെയ്യുകയും പരിഭാഷയും തഫ്സീറും (വ്യാഖ്യാനവും)വായിക്കുകയും പ്രബോധനത്തിന് ആവശ്യമായ ആയത്തുകൾ അടയാളപ്പെടുത്തുകയും ചെയ്യുമായിരുന്നു. തഹജ്ജുദ് നമസ്കാരം അദ്ദേഹമൊരിക്കലും ഒഴിവാക്കിയിട്ടില്ല. 76-ാം വയസ്സിലും പ്രബോധനത്തിന് മോട്ടോർ സൈക്കിളിൽ യാത്ര ചെയ്യുമായിരുന്നു. കുട്ടികളോടു പറയുമായിരുന്നു: "ധനപരമായ ത്യാഗത്തിൽ കുറവ് വരുത്തരുത്, ഇത് അല്ലാഹുവിന്റെ അവകാശമാണ്. കഴിയുന്നത്ര അധികം ത്യാഗം ചെയ്യുക, ജമാഅത്തിന്റെ ധനത്തിൽനിന്ന് ഒരു പൈസ പോലും ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കുക, അതിന് കണക്ക് പറയേണ്ടി വരും."

ഉംറയുടെ സമയത്ത് അദ്ദേഹത്തിന്റെ ഗ്രൂപ്പ് ലീഡർ എഴുതുന്നു: "ഉംറയുടെ നേരത്ത് അദ്ദേഹം എല്ലാ സമയത്തും ഇതാണ് പറഞ്ഞിരുന്നത്: ഇവിടെനിന്ന് തിരിച്ചു പോയാൽ "ഞാൻ പ്രബോധനം ചെയ്യും, അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾ മക്കയിൽ ഹജ്ജ് പോലുള്ള ഇബാദത്തുകൾ ചെയ്യുന്നുണ്ടെന്ന് ജനങ്ങളെ അറിയിക്കും." അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർ അദ്ദേഹം വഫാത്തായപ്പോൾ പറഞ്ഞു: "അല്ലാഹുവിന് അദ്ദേഹത്തിന്റെ നന്മകൾ ഇഷ്ടപ്പെട്ടു, അതുകൊണ്ടാണ് ജന്നത്തുൽ ബഖീഇൽ (മദീനയിലെ ഖബ്ർസ്ഥാനിൽ) ഖബറടക്കാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചത്. അദ്ദേഹം അവിടെ വഫാത്തായി, അവിടെത്തന്നെ ജന്നത്തുൽ ബഖീഇൽ അദ്ദേഹത്തെ ഖബറടക്കുകയും ചെയ്തു.

പാകിസ്താനിൽ അഹ്മദികളെ തങ്ങളുടെ ഖബ്ർസ്ഥാനിൽ ഖബ്റടക്കാൻ വിടുകയില്ല. അതിനടുത്തു വരാൻ പാടില്ലെന്ന് പറയും. എന്നാൽ, അല്ലാഹു ഇദ്ദേഹത്തിന് ജന്നത്തുൽ ബഖീഇൽ കബറടക്കാൻ അവസരം നൽകി. ഇനി ഇവിടെയുള്ള(പാകിസ്താനിലെ)ആളുകൾക്ക് അവിടെനിന്നുപോലും അദ്ദേഹത്തിന്റെ ഖബ്ർ മാന്തിയെടുക്കാൻ സാധിക്കുമായിരുന്നെങ്കിൽ (അവർ അതും ചെയ്യുമായിരുന്നു). പക്ഷേ, അത്രയും ശക്തി അവർക്കില്ലല്ലോ. ഈ മൗലവിമാർ സ്വയം തങ്ങളുടെ ദുഷ്പരിണാമത്തിൽ എത്തിച്ചേരുന്നതാണ്. ഇൻശാ അല്ലാഹ്.

ഇന്തൊനേഷ്യയിലെ തബ്‌ലീഗ് സെക്രട്ടറി ഗിനാവൻ വർദി സാഹിബ് പറയുന്നു: 'അദ്ദേഹം വളരെ വിജയിയും അങ്ങേയറ്റം ആവേശവുമുള്ള ഒരു പ്രബോധകനായിരുന്നു. 'പ്രബോധനമില്ലാതെ ഒരു ദിവസംപോലും കടന്നുപോകില്ല' എന്ന മുദ്രാവാക്യം അദ്ദേഹം യഥാർഥത്തിൽ തന്റെ ജീവിതത്തിന്റെ ഭാഗമാക്കി. അദ്ദേഹത്തിന് പഴയൊരു മോട്ടോർ സൈക്കിളുണ്ടായിരുന്നു. അതിലിരുന്ന് വിദൂര ഗ്രാമങ്ങളിലേക്ക് യാത്ര ചെയ്യുമായിരുന്നു. എതിർപ്പുള്ള സ്ഥലങ്ങളിൽപ്പോലും അദ്ദേഹം പോകുകയും, അദ്ദേഹത്തിന്റെ പ്രബോധനത്തിന്റെ ഫലമായി നൂറുക്കണക്കിനാളുകൾ ബയ്അത്ത് ചെയ്യുകയും ചെയ്തു. ഖിലാഫത്തുമായി അദ്ദേഹത്തിന് വലിയ അടുപ്പവും സ്നേഹവുമുണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം വസിയ്യത്ത് ചെയ്ത(മൂസി) വ്യക്തിയായിരുന്നു. അദ്ദേഹത്തിന് നാലു പെൺമക്കളും പത്ത് ദൗഹിത്രന്മാരുമുണ്ട്. ഞാൻ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ഒരു മരുമകൻ മുറബ്ബിയാണ്. അല്ലാഹു അദ്ദേഹത്തിന് പാപമോചനവും കാരുണ്യവും പ്രദാനം ചെയ്യുകയും അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകുകയും ചെയ്യുമാറാകട്ടെ.*(അൽഫ്ളൽ ഇന്റർനാഷണൽ 2025 ഡിസംബർ 26 പേജ് 2-8)*

പേജ് 12 ൽ നിന്ന്

ന്നവരുടെ തബ്‌ലീഗ് എപ്പോഴും ഫലപ്രദമാകുകയും വിജയിക്കുകയും ചെയ്യും. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് അവർ വളരെയധികം വിജയിക്കാറുമുണ്ട്. അതിനാൽ, ഈ തത്ത്വം എപ്പോഴും നമ്മൾ നമ്മുടെ മുന്നിൽ വെക്കേണ്ടതാണ്.

ഇന്നത്തെ കാലത്ത് സോഷ്യൽ മീഡിയ കാരണം തബ്‌ലീഗ് വളരെ എളുപ്പമാണെന്ന് ആളുകൾ കരുതുന്നു. താൽപര്യമുള്ളവർ വളരെ ആകാംഷയോടെ ഈ ജോലി ചെയ്യാൻ ശ്രമിക്കുന്നു. ചിലരാകട്ടെ പൊതുസ്ഥലങ്ങളിൽ പോയും (അതിന് അനുമതിയുള്ള രാജ്യങ്ങളിൽ; പാകിസ്ഥാനിൽ തബ്ലീഗിന് അനുമതിയില്ല), തങ്ങളുടെ ആഗ്രഹം പൂർത്തീകരിക്കുന്നു. ഇത് നല്ല കാര്യമാണ്. എങ്കിലും, തബ്‌ലീഗിന് ചില വ്യവസ്ഥകളും മര്യാദകളും ഉണ്ട്. അവ എപ്പോഴും ഓർമ്മയിൽ വയ്ക്കണം. അല്ലെങ്കിൽ വിപരീത


**• ഹദീഥുന്നബ്‌വിﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്. (ബുഖാരി 23:77)**

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091



**• ഹദീഥുന്നബ്‌വിﷺ •**

**"അന്നദമു തൗബത്തുൻ."**

**ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM



**• ഹദീഥുന്നബ്‌വിﷺ •**

**"ലാ തതമന്നഉൽമൗത്ത."**

**മരണം ആഗ്രഹിക്കരുത്.**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ഫലമുണ്ടാകും. അല്ലാഹു തആലാ ഈ വചനത്തിൽ പറഞ്ഞതുപോലെ, ഈ കാര്യം മനസ്സിലാക്കുകയും അതിനുശേഷം തബ്ലീഗ് ചെയ്യുകയും വേണം.

എന്തെന്നാൽ, ചിലർ അവരുടെ തബ്‌ലീഗ് വഴി മറ്റുള്ളവരിൽ നെഗറ്റീവ് സ്വാധീനം ചെലുത്തുന്നു. നല്ല സ്വാധീനത്തിന് പകരം വിപരീത ഫലമാണ് ഉണ്ടാകുന്നത്. ചിലപ്പോൾ അന്യർക്ക് ജമാഅത്തിനെക്കുറിച്ചും ജമാഅത്തിന്റെ തബ്‌ലീഗിനെക്കുറിച്ചും യാഥാർഥ്യങ്ങളിൽ നിന്ന് അകന്ന് നിന്നുകൊണ്ട് ആക്ഷേപം ഉന്നയിക്കാൻ അവസരം ലഭിക്കുന്നു. കൂടാതെ, ഈ രംഗത്ത് പുതിയതായി വന്ന ചിലർക്ക് തങ്ങളുടെ പക്കൽ വലിയ തെളിവുകളുണ്ടെന്ന് തോന്നാമെങ്കിലും, വേണ്ടത്ര തെളിവുകളില്ലാതെ വരുമ്പോൾ അല്ലെങ്കിൽ എതിരാളികളെ തൃപ്തിപ്പെടുത്താൻ കഴിയാതെ വരുമ്പോൾ അവർ നിരാശരാകുന്നു. എന്നാൽ, നിരാശപ്പെടേണ്ട ഒരു കാര്യവുമില്ല. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് നമ്മുടെ പക്കൽ ന്യായമായ തെളിവുകളുണ്ട്. അത് മനസ്സിലാക്കാനും വേണ്ടവിധം അവതരിപ്പിക്കാനും കഴിയുന്നില്ലെങ്കിൽ അത് വേറെ കാര്യമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്‌മദിയ്യാ ജമാഅത്ത് സംവദിക്കുന്നത് യുക്തിയോടും തെളിവുകളോടും കൂടിയാണ്. അല്ലാഹു വിശുദ്ധഖുർആനിലൂടെ നബിﷺതിരുമേനിക്ക് നല്കിയതും അവിടന്ന് സ്വയം പ്രാവർത്തികമാക്കിയതുമായ പ്രബോധനരീതിക്കൊത്താണ് നമ്മൾ പ്രവർത്തിക്കുന്നത്. നമ്മൾ തബ്‌ലീഗ് ചെയ്യേണ്ടത് ഏറ്റവും നല്ല രീതിയിലായിരിക്കണമെന്ന് എപ്പോഴും ഓർക്കേണ്ടതാണ്.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്ؑ പ്രബോധനത്തെക്കുറിച്ച് ഒരു സുപ്രധാന നിർദ്ദേശം നല്കി. ആ മഹാത്മാവ് പറഞ്ഞു: അമേരിക്കയിലും യൂറോപ്പിലും ഇസലാമിക അധ്യാപനം വ്യാപിപ്പിക്കാൻ എന്തുചെയ്യണമെന്ന് എന്നോടു ചോദിക്കുകയുണ്ടായി. ഇംഗ്ലീഷ് അറിയുന്ന ചില മുസ്‌ലിമീങ്ങൾ യൂറോപ്പിലേക്കും അമേരിക്കയിലേക്കും പോയി പ്രസംഗത്തിലൂടെയും പ്രബോധനത്തിലൂടെയും ഇസ്‌ലാമിന്റെ ലക്ഷ്യങ്ങൾ അവർക്കുമുമ്പിൽ വെളിപ്പെടുത്തുന്നത് ഉചിതമാണോ? അവർക്ക് ഭാഷ അറിയാമല്ലോ, അതിനാൽ അവർ തബ്‌ലീഗ് ചെയ്യട്ടെ എന്ന് ചോദിക്കപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞു: 'എന്നാൽ, ഞാൻ സാധാരണയായി അതിന് 'ശരി, അങ്ങനെ ആയിക്കോട്ടെ'എന്ന് മറുപടി പറയാറില്ല. ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. കാരണം, ഇംഗ്ലീഷ് അറിഞ്ഞതുകൊണ്ടോ ഏതെങ്കിലും ഭാഷ സംസാരിച്ചതുകൊണ്ടോ മാത്രം ദീനിന്റെ അറിവ് ലഭിക്കുന്നില്ല. അതിന് മറ്റു പല അവിഭാജ്യ ഘടകങ്ങളുമുണ്ട്. ഞാൻ മുമ്പേ പറഞ്ഞതുപോലെ അറിവ് വർധിപ്പിക്കേണ്ടതുണ്ട്. ഇവിടെയും പല സ്ഥലങ്ങളിലും ആളുകൾ തബ്‌ലീഗ് ചെയ്യുന്നുണ്ട്. പക്ഷേ, എതിരാളികളുടെ ചോദ്യങ്ങൾക്ക് പൂർണമായ അറിവോടുകൂടിയുള്ള മറുപടി നല്കാൻ അവർക്ക് കഴിയുന്നില്ല. സോഷ്യൽ മീഡിയയിലും ഇതേ അവസ്ഥ തന്നെയാണ്.

അതുകൊണ്ട്, അല്ലാഹുവിലേക്ക് ആളുകളെ ക്ഷണിക്കാൻ ആഗ്രഹിക്കുന്നവരും പ്രബോധനത്തിൽ താൽപര്യമുള്ളവരും ആദ്യം തങ്ങളുടെ അറിവ് വർധിപ്പിക്കേണ്ടതാണ്. സാധാരണയായി ജമാഅത്തിന്റെ സാഹിത്യങ്ങളിൽ ആക്ഷേപങ്ങൾക്കുള്ള മറുപടികൾ ലഭ്യമാണ്. ലഭ്യമല്ലെങ്കിൽ, രാജ്യത്തെ തബ്‌ലീഗ് ടീമുമായി ബന്ധപ്പെട്ട് അതിൽനിന്ന് പ്രയോജനം കരസ്ഥമാക്കേണ്ടതാണ്. ആ ടീമിലെ അറിവുള്ളവരുടെ സഹായം തേടേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞത് താനൊരിക്കലും 'ശരി, അങ്ങനെ ആയിക്കോട്ടെ' എന്ന് മറുപടി പറയില്ലെന്നാണ്. തുടർന്ന് അവിടന്ന് പറയുന്നു: 'ഇസ്‌ലാമിക അധ്യാപനത്തെക്കുറിച്ച് പൂർണമായി അറിവില്ലാത്ത, അതിന്റെ ഉന്നതമായ ഗുണങ്ങളെക്കുറിച്ച് തീർത്തും അജ്ഞരായ, നിലവിലെ വിമർശനങ്ങൾക്ക് കൃത്യമായ മറുപടികൾ നല്കാൻ കഴിവില്ലാത്ത, റൂഹുൽ ഖുദ്സിൽ (പരിശുദ്ധാത്മാവിൽ) നിന്ന് പഠനം ലഭിക്കാത്ത ആളുകൾ (ഇതും വളരെ പ്രധാനപ്പെട്ട കാര്യമാണ്, തബ്‌ലീഗ് അഥവാ പ്രബോധനം ചെയ്യുന്നയാൾക്ക് റൂഹുൽ ഖുദ്സിൽ നിന്നുള്ള ബോധനവും അല്ലാഹുവുമായുള്ള ബന്ധവും ഉണ്ടായിരിക്കേണ്ടതാണ്)നമ്മുടെ വക്കീൽ അഥവാ വക്താവായി പോകുന്നത് ഞാനൊട്ടും ഉചിതമായി കാണുന്നില്ല. അതു പാടില്ലാത്തതാണ്. ആ മഹാത്മാവ് പറഞ്ഞു: 'എന്റെ മുബല്ലിഗുമാർക്ക് (പ്രബോധകർക്ക്) അല്ലാഹുവുമായി ഒരു പ്രത്യേക ബന്ധമുണ്ടായിരിക്കണം. അപ്പോൾ അല്ലാഹു അവരെ സഹായിക്കും. അവിടന്ന് പറയുന്നു: ഇത്തരം പ്രവർത്തനങ്ങളുടെ ദോഷത്തിനാണ് അതിന്റെ ഗുണത്തേക്കാൾ കൂടുതൽ സാധ്യതയും സംഭാവ്യതയുമുള്ളത്. ഇല്ലാ മാശാ അല്ലാഹ് (അല്ലാഹു ഇച്ഛിച്ചെങ്കിൽ മറിച്ചുമായേക്കാം) (ഇസാലെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 516–517)

*(ബാക്കി തുടർ ലക്കത്തിൽ)*

**പേജ് 2 ൽ നിന്ന്**

പറഞ്ഞു: ആർക്കാണോ പുതയ്ക്കുന്നതിനുവേണ്ടി പുതപ്പ് നൽകിയത് അവരിൽനിന്ന് തിരിച്ചുവാങ്ങുന്നതും പ്രയാസമാണ്. വളരെ പ്രയാസപ്പെട്ട് എവിടെനിന്നോ ഒരു പുതുപ്പ് കൊണ്ടുവന്ന് ഹുദൂറിന്റെ സന്നിധിയിൽ കൊടുത്തു. എനിക്ക് ഉറക്കം വരുന്നില്ലെന്ന് പറഞ്ഞ് അവിടന്ന് അത് നിഷേധിച്ചു. വരുന്ന രാത്രി എങ്ങനെയെങ്കിലും കടന്നുപോകും. ഈ പുതപ്പു ഏതെങ്കിലും അതിഥിക്കു കൊടുത്തേക്കുക. അങ്ങനെ ആ പുതപ്പും ഏതൊ അതിഥിയ്ക്കു കൊടുത്തു.

ഹുദൂർؑന്റെ പക്കൽ ജൽസയിൽ വരുന്ന അതിഥികൾക്ക് എത്രമാത്രം പ്രാധാന്യമുണ്ടായിരുന്നുവെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. ഹുദൂർؑജൽസയിൽ വരുന്ന അതിഥികളെ തന്റെ അതിഥികളായാണ് കണ്ടിരുന്നത്. ഹുദൂർؑന്റെ ജീവിതചരിത്രത്തിന്റെ ഈ വശത്തു നിന്ന് നമുക്കു മനസ്സിലാകുന്നത്, നമ്മൾ ജൽസസാലനയിൽ പങ്കെടുക്കുന്ന അതിഥികളുടെ സേവനത്തിന് എത്രമാത്രം പ്രാധാന്യം നല്കണമെന്നാണ്. അല്ലാഹുവിന്റ മസീഹും അവരെ തന്നെക്കാൾ മുന്തിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്ؑജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്ത ദുആയോടെ ഈ ചർച്ച അവസാനിപ്പിക്കുകയാണ്. ഹൂദൂർؑപറയുന്നു:

"അല്ലഹുവിനുവേണ്ടിയുള്ള ഈ ജൽസയ്ക്കായി യാത്ര ചെയ്യുന്നവരോടൊപ്പം അല്ലാഹുത്തആല ഉണ്ടായിരിക്കുമാറാകട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുമാറാകട്ടെ. അവരിൽ കരുണ ചൊരിയുമാറാകട്ടെ. അവരുടെ ബുദ്ധിമുട്ടുകളും വിഷമാവസ്ഥകളും അവരിൽ എളുപ്പമാക്കട്ടെ. അവരുടെ ദുഃഖവും വേദനയും അകറ്റുമാറാകട്ടെ. അവരെ എല്ലാവിധ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കുമാറാകട്ടെ.അവരുടെ ആഗ്രഹങ്ങളുടെ വഴി അവരിൽ തുറക്കുമാറാകട്ടെ. ഖിയാമത്തുനാൾ അനുഗ്രഹവും കാരുണ്യവുമുണ്ടായ തന്റെ ദാസരോടൊപ്പം അവരെ ഉയർത്തുമാറാകട്ടെ. അങ്ങനെ അന്ത്യയാത്ര അവർക്കുശേഷം അവരുടെ പ്രതിനിധിയായിരിക്കട്ടെ.

അല്ലാഹുവേ! അതിശ്രേഷ്ഠനും പൊറുത്തുകൊടുക്കുന്നവനുമായിട്ടുള്ളോവേ! കാരുണ്യവാനും വിപത്തുകളകറ്റുന്നവനുമായിട്ടുള്ളവനേ! ഈ സകല ദുആകളും സ്വീകരിച്ചാലും. ഞങ്ങൾക്ക് ഞങ്ങളുടെ എതിരാളികളുടെമേൽ തെളിമയാർന്ന അടയാളങ്ങളോടുകൂടി വിജയം നില്കിയാലും; എല്ലാ കഴിവും എല്ലാ ശക്തിയും നിനക്കുമാത്രമാണ്. ആമീൻ ഥുമ്മ ആമീൻ.*(ഇശ്തിഹാർ 1892ഡിസംബർ 7)*

അല്ലാഹു നമുക്കെല്ലാവർക്കും വേണ്ടി ഹ്ദറത്ത് മസീഹ് മൗഊദ്ؑന്റെ ഈ ദുആ സ്വീകരിക്കുമാറാകട്ടെ. ജൽസയുടെ എല്ലാ പ്രോഗ്രാമും പ്രത്യേകിച്ച് ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ എം.ടി.എയിൽ തൽസമയം സംപേഷണം ചെയ്യുന്ന പ്രസംഗം കേൾക്കാനും അതനുസരിച്ച് ഹൃദയംങ്ഗമമായി പ്രവർത്തിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

**www.alislam.org**

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."**

**ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.**

ത്വാലിബെ ദുആ

**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**

PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സലാമു ഖബ്‌ലൽകലാമി."**

**സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.**




ത്വാലിബെ ദുആ

**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**

VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HTA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 22 January 2026 Issue: 04

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ഖുത്വ്ബ ജുമുഅ

**2025 ഡിസബർ 12, ഹിജ്രി ശംസി 1404 ഫത്ഹ് 12, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ്(സർറെ യു.കെ)**

**അഹ്മദിയ്യാ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് യുക്തിയോടും തെളിവുകളോടും കൂടിയാണ് കാര്യങ്ങൾ പറയുന്നത്. നബിﷺതിരുമേനിക്ക് അല്ലാഹു തന്റെ അനുഗ്രഹത്താൽ ഖുർആനിൽ നല്കിയ അധ്യാപനമനുസരിച്ചാണിത്. അതുപ്രകാരം നബിﷺതിരുമേനി തന്നെയും ഇതു പ്രാവർത്തികമക്കി. ആ ഉൽകൃഷ്ട രീതിയിലായിരിക്കണം നമ്മൾ ചെയ്യേണ്ട തബ്ലീഗും.**

**വിശുദ്ധ ഖുർആനിൽ അല്ലാഹു ഈ വചനത്തിലും മറ്റു ധാരാളം വചനങ്ങളിലും തബ്ലീഗ് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. അവിടെ ഏറ്റവും നല്ല രീതിയിൽ തബ്ലീഗ് ചെയ്യാനാണ് ഉപദേശിച്ചിട്ടുള്ളത്. മറ്റുള്ളവരിൽ സ്വാധീനമുണ്ടാക്കാനും ഇതനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് അതിനു ഫലമുണ്ടാകാനുമാണിത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് വിജയിക്കുകയും ചെയ്യുന്നു.**

**ഒരു മുബല്ലിഗും ദാഈഇലല്ലായും എപ്പോഴും മുന്നിൽവെക്കേണ്ടതാണ്, നമ്മൾ തബ്ലീഗ് ചെയ്യുമ്പോൾ നമ്മൾ പൂർത്തിയാക്കേണ്ട ധാരാളം അത്യാവശ്യ കാര്യങ്ങളുമുണ്ട്. ഇതുണ്ടായാൽ നമുക്ക് ശരിയായ രീതിയിൽ തബ്ലീഗ് ചെയ്യാൻ കഴിയും.**

**ചിലർ തബ്ലീഗ് ചെയ്യുന്നതിനിടയിൽ ചിലപ്പോൾ ദേഷ്യംവന്ന് എതിരാളികളുടെ ഭാഷ ഉപോയോഗിക്കാൻ തുടങ്ങാറുണ്ട്. അവർ ഓർക്കേണ്ടതാണ്, നമ്മുടെ തബ്ലീഗ് ധാർമികതയുടെ ഉള്ളിൽത്തന്നെയായിരിക്കേണ്ടതാണ്. അവരുടെ പക്കൽ തെളിവുകളില്ല. അതുകൊണ്ടാണ് അവർ തെററായ ഭാഷ ഉപയോഗിക്കുന്നത്. ഇനി നമ്മളും തെറ്റായ ഭാഷ ഉപയോഗിച്ചാൽ അതിന്റെ അർഥം നമ്മുടെ കൈയിലും തെളിവുകളില്ലെന്നാണ്.**

**ചിലപ്പോൾ തബ്ലീഗിൽ അതിശയോക്തി ഉണ്ടാകാറുണ്ട്. വാസ്തവത്തിൽ തബ്ലീഗിൽ ഒരു അതിശയോക്തിയുടേയും ആവശ്യമില്ല. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ മുമ്പിൽ വെക്കുക. ഹദീഥുകൾ മുമ്പിൽ വെക്കുക. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ അധ്യാപനങ്ങൾ മുമ്പിൽ വെക്കുക. എന്നിട്ട് തബ്ലീഗ് ചെയ്യുക. എന്നിട്ട് കാര്യം അല്ലാഹുവിൽ വിടുക.**

**നമ്മൾ ഇന്ന മൗലവിയെ അല്ലെങ്കിൽ ഇന്ന ആലിമിനെ തബ്ലീഗ് ചെയ്ത് അയാളെ വിശ്വസിപ്പിക്കണം, അല്ലെങ്കിൽ ഇന്ന വാദപ്രതിവാദം നടത്തുന്നവനെ, വിമർശിക്കുന്നവനെ തബ്ലീഗ് ചെയ്യണമെന്ന് മനസ്സിലാക്കരുത്. നമ്മുടെ ഉദ്ദേശ്യം ലോകത്ത് യഥാർഥ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുകയെന്നതാണ്. ഇക്കാലത്ത് വരേണ്ടിയിരുന്ന ഹദ്റത്ത് മസീഹുമൗഊദ്عليه السلام വന്നു കഴിഞ്ഞുവെന്ന് ധരിപ്പിക്കലാണ്. അതിനുവേണ്ടി നമ്മൾ പരിശ്രമിക്കേണ്ടതാണ്. കേവലം ചർച്ചകളിലും ഡിബേറ്റുകളിലും ദീർഘമായ ചോദ്യോത്തരങ്ങളിലും പെടുന്നതിനുപകരം തബലീഗിന്റെ മാർഗം നോക്കുക; നമുക്കെങ്ങനെ ഏറ്റവും കൂടുതിലാളുകൾക്ക് സന്ദേശമെത്തക്കാൻ കഴിയും, അവരെ പരിഷ്കരിക്കാൻ കഴിയും!**

**മുറബ്ബിമാരോടു ഞാൻ പറയുകയാണ്, അവരിൽ വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്. അവർ ജമാഅത്തിന്റെ തർബിയ്യത്ത് മാത്രം ചെയ്താൽ പോര. തർബിയ്യത്തിനോടൊപ്പം ജമാഅത്തംഗങ്ങളെ അല്ലാഹുവുമായി ബന്ധിപ്പിക്കുകയും വേണം. അവർ ഇങ്ങനെ ചെയ്യുമ്പോൾ അവരുടെ അറിവും വർധിക്കുന്നതാണ്. അവരെ ഈ ജിഹാദിനുവേണ്ടി തയ്യാറാക്കുകയും ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോഴാണ് തങ്ങളുടെ പ്രതിജ്ഞ പാലിക്കുന്നവരാകുക.**

**വിശുദ്ധ ഖുർആൻ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ അധ്യാപനങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ തബ്ലീഗ് ഉദ്ധരിച്ചുകൊണ്ടുള്ള വർണാഭമായ ഉപദേശങ്ങൾ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

اُدْعُ اِلٰى سَبِيْلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُمْ بِالَّتِيْ هِيَ اَحْسَنُ ؕ اِنَّ رَبَّكَ هُوَ اَعْلَمُ بِمَنْ ضَلَّ عَنْ سَبِيْلِهٖ وَهُوَ اَعْلَمُ بِالْمُهْتَدِيْنَ ﴿۱۲۶﴾

തർജ്ജമ: തത്ത്വജ്ഞാനവും സദുപദേശവും കൊണ്ടു നിന്റെ നാഥന്റെ മാർഗത്തിലേക്കു നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽനിന്നു വ്യതിചലിച്ചുപോയവനെ സംബന്ധിച്ച് നിന്റെ നാഥൻ നന്നായി അറിയുന്നവ നാണ്. നേർമാർഗം പ്രാപിക്കുന്നവരെയും അവൻ നന്നായി അറിയുന്നു.

വിശുദ്ധഖുർആനിൽ അല്ലാഹുതആലാ ഈ വചനത്തിലും മറ്റു പല വചനങ്ങളിലും തബ്ലീഗ് അതായത് പ്രബോധനം നടത്താൻ ഉപദേശിക്കുമ്പോൾ, ഏറ്റവും നല്ല രീതിയിൽ തബ്ലീഗ് ചെയ്യാനും ഉപദേശം നല്കാനുമാണ് നിർദേശിക്കുന്നത്. അങ്ങനെയാണെങ്കിൽ മാത്രമേ മറ്റുള്ളവരിൽ അതിന്റെ സ്വാധീനമുണ്ടാകുകയും പ്രയോജനം ലഭിക്കുകയും ചെയ്യുകയുള്ളൂ. ഈ രീതിയിൽ പ്രവർത്തിക്കു

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin